കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടക്കാഞ്ചേരി മുൻസിപ്പാലിറ്റി
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
## e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം.)865/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.

ഫോൺ നമ്പർ – 0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി.19/07/2019

ജോയിന്റ് ഡയറക്ടർ

നഗരസഭ ചെയർമാൻ, (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി നഗരസഭ

സർ,

വിഷയം : വടക്കാഞ്ചേരി നഗരസഭ - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റി ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി. (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)865/19 തീയതി. 19/07/19

**തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-8-2017 മുതൽ 31-8-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.17 മുതൽ 31.03.18 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.05.19 മുതൽ 20.05.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്.,<br>ശ്രീ.റഫിജോൺ<br>ഓഡിറ്റ് ഓഫീസർമാർ(ഹ.ഗ്രേ.)<br>ശ്രീ.ഷാജി.ഇ.കെ,<br>(ഓഡിറ്റർ ട്രെയിനി)<br>ശ്രീമതി.വിദ്യാവിക്രമൻ<br>കുമാരി.ഷാജിത.കെ.എം.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ<br>ശ്രീ.ഇദ്രിസ് അബ്ദുള്ള, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| നഗരസഭ ചെയർപേഴ്സൺ | ശ്രീമതി.ശിവപ്രിയ സന്തോഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.രമ്യ കൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | സുനിൽകുമാർ.എൻ.വി<br>വടക്കാഞ്ചേരി മേഖല | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി.ശ്രീരേഖ<br>മുണ്ടത്തിക്കോട് മേഖല | 01.04.2017 മുതൽ<br>31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോ.കുര്യക്കോസ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ബാലകൃഷ്ണൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സബിരാജ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കാഞ്ചനമാല<br>വടക്കാഞ്ചേരി മേഖല | 1.4.17 മുതൽ 31.03.2018 വരെ |
| | ശ്രീമതി.ലാലി.വി.ടി<br>മുണ്ടത്തിക്കോട് മേഖല | 01.04.2017 മുതൽ<br>31.03.2018 വരെ |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി ഹൈസ്കൂൾ, വടക്കാഞ്ചേരി | ശ്രീ.ചന്ദ്രശേഖരൻ.വി. | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ശ്രുതി സുബ്രമണ്യൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഹെൽത്ത് ഓഫീസർ | ജോളി.എ.എ. | 01.04.2017 മുതൽ<br>17.10.2017 വരെ |
| | വിജയപ്രകാശ്.കെ. | 18.10.17 മുതൽ<br>31.03.18 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-3 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. | 2-4 |
| 17 | നഗരസഭ കൗൺസിൽ തീരുമാനം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-5 |
| 18 | വസ്തു നികുതി അപാകതകൾ | 2-6 |
| 19 | ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചെങ്കിലും വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ചിട്ടില്ല. | 2-7 |
| 20 | സ്ഥിരനിക്ഷേപം-രേഖകൾ ഹാജരാക്കിയില്ല. | 2-8 |
| | ഭാഗം 3 | |
| 21 | ഹൈബ്രിഡ് ഡ്വാർഫ് തെങ്ങിൻതൈ വിതരണം-അപാകതകൾ | 3-1 |
| 22 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- പൊതു പരാമർശങ്ങൾ | 3-2 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക | 3-3 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 24 | പണി പൂർത്തീകരിക്കാത്ത എസ്.സി വീടുകൾക്ക് ധനസഹായം-സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-4 |
| 25 | തുടർ സാക്ഷരത- അപാകതകൾ | 3-5 |
| 26 | മൊബൈൽ വെറ്ററിനറി ക്ലിനിക്-വാഹന ഡ്രൈവർമാർക്ക് അഡ്വാൻസായി തുക അനുവദിച്ചു | 3-6 |
| 27 | മലബാറി ആടുവളർത്തൽ വനിതാഗ്രൂപ്പ് സംരംഭം-25 ജെ.എൽ.ജി ഗ്രൂപ്പ് -രേഖകൾ ഹാജരാക്കിയില്ല | 3-7 |
| 28 | പട്ടികജാതി പെൺമക്കളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു. | 3-8 |
| 29 | വാദ്യോപകരണങ്ങൾ വാങ്ങൽ (വനിതാ ഗ്രൂപ്പുകൾ)-വാദ്യോപകരണങ്ങൾ നാളിതുവരെ വിതരണം നടത്തിയില്ല | 3-9 |
| 30 | തൊഴിൽ രഹിത വേതനം-അർഹതാ കാലയളവിനു ശേഷവും വേതനം അനുവദിച്ചു | 3-10 |
| 31 | അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണം-ഒരേ ബില്ലിന് രണ്ടു തവണ സപ്ലൈക്കോക്ക് തുക അനുവദിച്ചു | 3-11 |
| 32 | ദേശീയ നഗര ഉപജീവന മിഷൻ(എൻ.യു.എൽ.എം)പദ്ധതി പ്രകാരം എ.എൽ.എഫ് (എ.ഡി.എസ് )കൾക്ക് നൽകിയ തുക അയൽക്കൂട്ടങ്ങൾക്ക് വിതരണം നടത്തിയിട്ടില്ല | 3-12 |
| 33 | വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി വാങ്ങിയ വാട്ടർ ടാങ്കുകൾ പൂർണ്ണമായി സ്ഥാപിച്ചിട്ടില്ല | 3-13 |
| 34 | നഗരസഭ പ്രദേശത്തെ പൊതുടാപ്പുകളുടെ വെള്ളക്കരം -കേരള വാട്ടർ അതോറിറ്റിയ്ക്കു അടവാക്കാനുള്ള കുടിശ്ശിക -ഒരുകോടിയോളം | 3-14 |
| 35 | വിവിധ ഉദ്ഘാടന ചെലവുകൾക്ക് സർക്കാർ മാർഗ്ഗ നിർദ്ദേശത്തിലും അധികരിച്ച് തുക ചെലവഴിച്ചിരിക്കുന്നു -അധിക ചെലവ് നിരാകരിക്കുന്നു | 3-15 |
| 36 | ദിവസവേതന നിയമനങ്ങൾ-സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്നു | 3-16 |
| 37 | യാത്രബത്ത മുൻകൂർ നൽകിയത് യഥാസമയം ക്രമീകരിക്കുന്നില്ല | 3-17 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-18 |
| 39 | പരുത്തിപ്ര സ്കൂൾ ഡിജിറ്റലൈസേഷൻ-വാറണ്ടി പീരീഡ് അവസാനിക്കുന്നതിനു മുമ്പെ സ്മാർട്ട് ടി.വി ഉപയോഗശൂന്യമായി | 3-19 |
| 40 | പ്രൊജക്ടുകൾ യഥാ സമയം നടപ്പാക്കുന്നില്ല-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകേണ്ട സ്ഥിതി വിശേഷം സംജാതമാകുന്നു. | 3-20 |
| 41 | പി.എം.എ.വൈ -ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല | 3-21 |
| 42 | പി.എം.എ.വൈ-ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല | 3-22 |
| 43 | നഗരസഭയിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങൾ -സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്. | 3-23 |
| 44 | പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കുന്നു -പരിഹാരനടപടികളെടുക്കേണ്ടതാണ്. | 3-24 |
| 45 | നഗരസഭവാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 3-25 |
| 46 | മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചു | 3-26 |
| 47 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 3-27 |
| 48 | പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗവും പ്രൊജക്ട് നിർവ്വഹണവും | 3-28 |
| 49 | മരാമത്ത് പ്രവൃത്തികളിലെ സേവന നികുതി അടച്ചിട്ടില്ല | 3-29 |
| 50 | ടാർ, എമൽഷൻ എന്നിവക്കായി അടച്ച തുകയുടെ ബാക്കി തുക ലഭ്യമായില്ല | 3-30 |
| 51 | ടെണ്ടർഫോമിന്റെ വില നഗരസഭക്ക് ലഭ്യമായില്ല | 3-31 |
| 52 | ഡിപ്പാർട്ട്മെന്റ് സപ്ളൈ ആയി നൽകിയ ബിറ്റുമിൻ, എമൽഷൻ | 3-32 |

| | | |
|---|---|---|
| | എന്നിവയുടെ വില ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു | |
| 53 | ജി.എസ്.ടി. കോംപൻസേഷൻ നൽകിയ പ്രവൃത്തി -കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല | 3-33 |
| 54 | സ്പിൽഓവർ പ്രൊജക്ട് തയ്യാറാക്കാത്തതുമൂലം കൺവീനർക്ക് അന്തിമ ബിൽ തുക നൽകാൻ കാലതാമസം | 3-34 |
| 55 | പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം സംഭവിച്ചതിനാൽ ലോകബാങ്ക് ധനസഹായം നഷ്ടമായി | 3-35 |
| 56 | വൈദ്യുതി ബോർഡിൽ തുക അടക്കാത്തതിനാൽ വൈദ്യുതിബന്ധം ലഭിക്കാതെ കെട്ടിടങ്ങൾ പ്രയോജനരഹിതമായി കിടക്കുന്നു | 3-36 |
| 57 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-37 |
| 58 | ബിറ്റുമിൻ,എമൽഷൻ എന്നിവ വാങ്ങി നൽകിയ റോഡ് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല | 3-38 |
| 59 | വടക്കാഞ്ചേരി നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം | 3-39 |
| 60 | നിഷ്ക്രിയ ആസ്തികൾ | 3-40 |
| 61 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം – നിർവ്വഹണത്തിലെ അപാകതകൾ | 3-41 |
| 62 | തൊഴിൽ പരിശീലന കേന്ദ്രം – ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ – പദ്ധതി ആസൂത്രണത്തിന്റെ ഫലപ്രാപ്തി – ഒരു അവലോകനം | 3-42 |
| 63 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള മുച്ചക്ര വാഹനം – നിർവ്വഹണത്തിലെ അപാകതകൾ | 3-43 |
| 64 | സർവ്വശുദ്ധി – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-44 |
| | ഭാഗം 4 | |
| 65 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 66 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 68 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 69 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 70 | ഓഡിറ്റ് റിക്കവറി | 4-6 |
| 71 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 72 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 73 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 74 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം ആകെ വരവ് 1,07,48,54,164/- ഉം ആകെ ചെലവ് 1,06,65,84,600/-ഉം ആണ്. ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 20 ശതമാനം മാത്രമേ യഥാർത്ഥത്തിൽ വരവു വന്നിട്ടുള്ളൂ, ചെലവാകട്ടെ 19% ഉം. വസ്തുനിഷ്ഠമായി ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 31.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ് വേളയിൽ വാർഷികകണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കി. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തികവിശകലനം

മുന്നിരിപ്പ് – 2,97,26,935

വരവ് - 21,18,17,603

ആകെ - 24,15,44,538

ചെലവ് – 20,46,70,879

നീക്കിയിരിപ്പ്- 3,68,73,659

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 37519635 | 37519635 | 22241492 | 15278143 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16061000 | 16061000 | 10685994 | 5375006 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 45518 | 45518 | 0 | 45518 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 11232131 | 11232131 | 2108108 | 9124023 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6939144 | 6939144 | 4393582 | 2545562 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11493840 | 11493840 | 7896041 | 3597799 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5987895 | 5987895 | 5421940 | 565955 |

കേന്ദ്രാവിഷ്കൃതഫണ്ടുകൾ-

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എൻ.യു.എൽ.എം | -- | 8141208 | 8141208 | 7811931 | 329277 |
| പി.എം.എ.വൈ | -- | 82382999 | 82382999 | 67219020 | 15163979 |
| പൈക്ക | 738333 | 406536 | 1144869 | 290143 | 854726 |

സംസ്ഥാനാവിഷ്കൃതഫണ്ടുകൾ-

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | -- | 10210419 | 10210419 | 3500988 | 6709431 |
| വിമുക്തി | -- | 25000 | 25000 | 0 | 25000 |

# 1-6 പദ്ധതി അവലോകനം

2017-18 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 419 | 501447477 | 135 | 67746373 | 92 | 192 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 49720 | 959319 | 1009039 | 970441 | 38598 |
| തൊഴിലാളികളുടെ കൂലി | | 12247395 | 12247395 | 12247395 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 168120 | 303 |
| കർഷകതൊഴിലാളി പെൻഷൻ | 16355400 | 5269 |
| വിധവാപെൻഷൻ | 37248700 | 10956 |
| വാർദ്ധക്യകാലപെൻഷൻ | 49803100 | 12766 |
| വികലാംഗപെൻഷൻ | 9015300 | 2630 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 5853900 | 1773 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | | |

# 1-9 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.05.2019 തിയ്യതിയിൽ 3 pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68,264/- രൂപ (അറുപത്തി എട്ടായിരത്തി ഇരുനൂറ്റി അറുപത്തി നാല് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

വടക്കാഞ്ചേരി നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്റ് തയ്യാറാക്കുന്നുണ്ടെങ്കിലും തയ്യാറാക്കിയ ബജറ്റിലെ വകയിരുത്തലുകൾക്കനുസരിച്ച് സാംഖ്യയിൽ ചെലവ് താനെ പരിമിതപ്പെടുത്തുന്നില്ല.

2. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

3. നഗരസഭ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളും ഇനം തിരിച്ച് വിവിധ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ എൽപ്പിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2015 | സെപ്റ്റംബർ 2015 | 16.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.3.19 | 2016-17 to 2017-18 | 27.04.19 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ഓരോ മാസാവസാനവും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും റീകൺസീലിയേഷൻ പത്രിക തയ്യാറാക്കി സെക്രട്ടറിയും അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം മാസാന്ത്യ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. വർഷാവസാനം മാത്രമാണ് എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

2.വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഷോടാക്സ്, വിനോദ നികുതി, വാടക, ഡി& ഒ, ബിൽഡിങ്ങ് പെർമിറ്റ് എന്നിവയുടെയൊന്നും ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ച് ഡി.സി.ബി. പത്രിക തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ വാർഷികണക്കുകളിൽ ചേർത്തിരിക്കുന്ന ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. നഗരസഭക്ക് 3 വായ്പകളുണ്ട്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നിലനിന്നിരുന്ന കാലത്ത് ഭവന നിർമ്മാണ പദ്ധതിക്കായി പുതുരുത്തി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയും വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് നിലനിന്നിരുന്ന കാലത്ത് ഭവന നിർമ്മാണ പദ്ധതിക്കായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിരുന്ന വായ്പയും വടക്കാഞ്ചേരി ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയുമാണ് ഇവ. ഇവയിൽ ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി എടുത്ത വായ്പയുടെ അടവാക്കാനുള്ള വായ്പ തുക ബി-5 ഷെഡ്യൂളിൽ ചേർത്തിരിക്കുന്നത് ബന്ധപ്പെട്ട വായ്പ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ മറ്റ് വായ്പകളുടെ തുക, തൻവർഷം അടവാക്കിയ തുക, ബാക്കി നിൽക്കുന്ന വായ്പ തുക എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയ വായ്പ രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. വാർഷികകണക്കിന്റെ ബി-5, ബി-6 എന്നീ ഷെഡ്യൂളുകളിൽ ചേർത്തിരിക്കുന്ന ഇനി അടവാക്കാനുള്ള വായ്പ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

4.വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 5,15,300/- രൂപ സ്ഥിര നിക്ഷേപമുണ്ട്.ഇത് സംബന്ധിച്ച രജിസ്റ്റർ,സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -11 പ്രകാരം Capital work in progress -Development fund എന്ന ശീർഷകത്തിൽ 50,25,538/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇതിന്റെ ലഡ്ജർ പരിശോധിച്ചപ്പോൾ വിവിധ കുടിവെള്ള പദ്ധതികൾക്കായി മുൻകൂർ നൽകിയ 3638000(200000+358000+3080000)രൂപ Capital work in progress ആയി ഉൾപ്പെടുത്തിക്കാണുന്നു.മരാമത്ത്പണികളുടെ പാർട്ട് ബിൽ നൽകുമ്പോഴാണ് Capital work in progress ആയി രേഖപ്പെടുത്തേണ്ടത്.വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകുമ്പോൾ Advance to implementng agency എന്ന ശീർഷകത്തിലാണ് തുക ബുക്ക് ചെയ്യേണ്ടത്.ഈ അപാകത പരിഹരിക്കുന്നതിനായി 2019-20സാമ്പത്തിക വർഷത്തിൽ Advance to implementng agency എന്ന ശീർഷകത്തിന് ഡെബിറ്റും Capital work in progress എന്ന ശീർഷകത്തിന് ക്രെഡിറ്റും നൽകി ഈ അപാകത പരിഹരിക്കേണ്ടതാണ്.

6.ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾപ്രകാരമുള്ള നീക്കിയിരിപ്പ് തുകകളിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വിവിധോദ്ദേശ്യ പദ്ധതികളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

7. പി.എം.എ.വൈ ലഡ്ജർ അക്കൗണ്ട് പ്രകാരം കേന്ദ്രവിഹിതം 6,27,20000 രൂപയും നഗരസഭ വിഹിതം (പദ്ധതി വിഹിതം) 24,00,000/- രൂപയുമാണ്. ആയത് പി.എം.എ.വൈ.യുടെ കാനറ ബാങ്ക് അക്കൗണ്ടിൽ (നമ്പർ 0723101065717) വരവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരവും, സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരവും പി.എം.എ.വൈ.യ്ക്കു പദ്ധതി വിഹിതം ചെലവ് 34,00,000 രൂപയാണ്. 8,40,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയിരിക്കുന്നു. പി.എം.എ.വൈ.യുടെ കാനറ ബാങ്ക് വാർഷിക അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

8. വാർഷികകണക്കിൽ financial performance Indicators, സെക്രട്ടറിയുടെ കുറിപ്പുകൾ (കേരള മുൻസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ 2007, ചട്ടം 58) ഉൾപ്പെടുത്തിയിട്ടില്ല.

9. 2017-18-ൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലും, RP -47 ഉം ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി പേര് | പ്രൊജക്റ്റ് നമ്പർ | തുക |
|---|---|---|
| അരവൂർ ശാന്തിനഗർ കുടിവെള്ളപദ്ധതി പുനരുദ്ധാരണം (വകയിരുത്തിയ തുക-₹700000-ധനകാര്യകമ്മീഷൻ അവാർഡ്) | 146/18 | ട്ര.ബി.നം. 29/24.1.18; ₹700000 |
| എസ്.എൻ. റോഡ് കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹300000-ധനകാര്യകമ്മീഷൻ അവാർഡ്) | 148/18 | ട്ര.ബി.നം. 28/24.1.18; ₹300000 |
| എസ്.സി. കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം (വകയിരുത്തിയ തുക-₹3080000-വികസനഫണ്ട് എസ്.സി.പി.) | 84/18 | ട്ര.ബി.നം. 44/27.3.18; ₹3080000 |
| സമൃദ്ധ കുടിവെള്ളപദ്ധതി നവീകരണം (വകയിരുത്തിയ തുക-₹50000-ധനകാര്യകമ്മീഷൻ അവാർഡ്,₹16000-തനത് ഫണ്ട്) | 419/18, | ട്ര.ബി.നം. 45(2)/26.3.18; ₹50000 ₹16000-തനത് ഫണ്ട് |

| | | |
|---|---|---|
| പരുത്തിപ്ര കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹358000-റോഡിതര സംരക്ഷണഗ്രാന്റ്, ₹242000-തനത് ഫണ്ട്) | 400/18 | ട്ര.ബി.നം. 45(1)/26.3.18; ₹358000 ₹242000-തനത് ഫണ്ട് |
| സുഭിക്ഷ കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹358000-റോഡിതര സംരക്ഷണഗ്രാന്റ്, ₹188000-തനത് ഫണ്ട്) | 401/18 | ട്ര.ബി.നം. 47/26.3.18; ₹200000 |
| കിള്ളിയത്ത് ചിറ കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹200000-ധനകാര്യകമ്മീഷൻ അവാർഡ്, ₹80000-തനത് ഫണ്ട്) | 399/18 | ട്ര.ബി.നം. 46/26.3.18; ₹200000 ₹70000-തനത് ഫണ്ട് |
| 24x7 കുടിവെള്ള വിതരണം ബ്ലൂ ബ്രിഗേഡ് (വകയിരുത്തിയ തുക- 5000000) | 231/17, 295/18 | വൗ.നം. 21701469/ 25.1.18; ₹2589951 |
| | | 7805951 |

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11.1 എസ്.ബി.ഐ- വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് എന്നീ തനത് ഫണ്ട് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം cheque issued but not collected from the bank എന്ന ഇനത്തിൽ പണമാക്കി മാറ്റാതെ മൂന്ന് മാസത്തിൽ അധികമായ ചെക്കുകൾ ഉള്ളതായി കാണുന്നു. ആയത് liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ശീർഷകം | വൗച്ചർ നമ്പർ | തീയ്യതി | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|
| എസ്.ബി.ഐ 67382438724 | 21601303 | 14.1.17 | - | 12.1.17 | 10000 |
| ,, | 21601537 | 14.2.17 | - | 1.3.17 | 24975 |
| | 21601612 | 2.3.17 | - | 1.3.17 | 20000 |
| ,, | 21601622 | 13.3.17 | - | 9.3.17 | 146674 |
| ,, | 21601684 | 16.3.17 | - | 10.3.17 | 94150 |
| | 21601878 | 31.3.17 | - | 31.3.17 | 6667 |
| | 21700065 | 19.4.17 | - | 10 4.17 | 7500 |
| | 21700066 | 19.4.17 | - | 10.4.17 | 7500 |
| | 31700367 | 23.8.17 | - | -- | 13250 |
| | 21700988 | 29.11.17 | 726909 | 21.11.17 | 15235 |
| | 31700351 | 30.12.17 | - | - | 65250 |
| തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് 10705014282 | 21500470 | 29.2.16 | 121767 | | 5000 |
| | 21500491 | 29.2.16 | 000269 | | 9600 |
| | 21500496 | 29.2.16 | 121753 | | 4640 |
| | 21500457 | 29.2.16 | 121704 | | 10000 |
| | 21500159 | 29.3.16 | 122135 | | 2000 |
| | 21600678 | 25.8.16 | 000817 | | 841 |
| | 21601050 | 19.11.16 | 002127 | | 392 |
| | 21601070 | 19.11.16 | 002140 | | 5297 |
| | 21601104 | 29.11.16 | 002163 | | 2100 |
| | 21601436 | 28.1.17 | 002307 | | 300 |

| | | | | | |
|---|---|---|---|---|---|
| | 21601874 | 30.1.17 | 2293049 | | 6 |
| | 21700136 | 29.4.17 | 005029 | | 392 |
| | 21700259 | 25.5.17 | 005082 | | 600 |
| | 21700268 | 30.5.17 | 005089 | | 7040 |
| | 21700387 | 30.6.17 | 005289 | | 4133 |
| | 21700394 | 30.6.17 | 005294 | | 224 |
| | 21700639 | 26.8.17 | 005216 | | 7500 |
| | 21700897 | 30.10.17 | 006104 | | 227 |
| | 21701772 | 27.11.17 | 006186 | | 8000 |

11.2 താഴെപ്പറയുന്ന ബാങ്ക്അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ cheque deposted but not cleard by bank/treasuryഎന്ന ശീർഷകത്തിൽ വർഷങ്ങളായി ചെക്കുകൾ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വയ്ക്കപ്പെടാതെ ശേഷിക്കുന്നു.

| ബാങ്ക് ശീർഷകം | വൗച്ചർ നമ്പർ | തീയ്യതി | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|
| എസ്.ബി.ഐ 67382438724 | 11602900050 | 31.3.17 | - | 1.7.17 | 6667 |
| ,, | 11602900051 | 31.3.17 | - | 1.7.17 | 6667 |
| | 11710500050 | 13.9.17 | 5738324 | 13.9.17 | 1500 |
| ,, | 11710500051 | 13.9.17 | 5738324 | 13.9.17 | 1250 |
| | 11710500062 | 14.9.17 | 1748165 | 14.9.17 | 1250 |
| | 11710500063 | 15.9.17 | 7367465 | 14.9.17 | 6750 |
| | 11710500064 | 15.9.17 | 7367466 | 14.9.17 | 1250 |
| | 11710500065 | 15.9.17 | 1966817 | 7.9.17 | 57250 |
| | 11710500084 | 26.9.17 | 5163445 | 25.9.17 | 1250 |
| | 11710500088 | 27.9.17 | 1806710 | 27.9.17 | 32500 |
| തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് 10705014282 | 11503500012 | 29.3.16 | 0966046 | 29.2.16 | 22025 |
| | 11602500008 | 30.1.17 | 2293049 | 30.1.17 | 6 |
| | 11603500244 | 16.2.17 | 5163442 | 16.2.17 | 55750 |
| | 11603500248 | 17.2.17 | 0261108 | 8.2.17 | 81500 |
| | 11603500310 | 17.3.17 | - | 10.3.17 | 1250 |

മേൽ തുകകൾ അക്കൗണ്ടിൽ വരവ് വരാത്തതിന് കാരണം ബാങ്കുമായി ബന്ധപ്പെട്ട് രേഖാമൂലം ഉറപ്പ് വരുത്തേണ്ടതും ചെക്ക് dishonour ആയ സംഗതികളിൽ കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ 2007 ചട്ടം 20 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

11.3 എസ്.ബി.ഐ വടക്കാഞ്ചേരിയുടെ (67382438724) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly credted by the bank/treasuryഎന്ന ശീർഷകത്തിൽ 1,40,007/- രൂപ ബാങ്ക് നേരിട്ട് നഗരസഭ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. പ്രസ്തുത വരവ് ഏതിനത്തിലേതെന്ന് കണ്ടെത്തി നഗരസഭ കണക്കുകളിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11.4 എസ്.ബി.ഐ വടക്കാഞ്ചേരിയുടെ (67382438724) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly debited by the bank/treasury എന്ന ശീർഷകത്തിൽ 673931.58/- രൂപ ബാങ്ക് നേരിട്ട് നഗരസഭ അക്കൗണ്ടിൽ നിന്നു പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Bank entry date | Cheque no. | particulars | amout |
|---|---|---|---|
| 30.11.16 | - | - | 86.25 |
| 31.12.16 | - | - | 10115.00 |
| 4.1.17 | - | - | 520626.00 |
| 12.1.17 | - | - | 8065.00 |
| 4.2.17 | - | - | 85802.00 |
| 4.2.17 | - | - | 1935.00 |
| 22.2.17 | - | - | 6667.00 |
| 4.3.17 | - | - | 40002.00 |
| 9.3.17 | - | - | 632.50 |
| 31.3.18 | - | - | .83 |
| | | | |

| total | - | - | 673931.58 |
|---|---|---|---|

മേൽ തുക നഗരസഭ അക്കൗണ്ടിൽ നിന്നും നഷ്ടപ്പെട്ടതായിട്ടാണ് കാണുന്നത്. ടി തുകകൾ ഏതിനത്തിലാണ് നഷ്ടപ്പെട്ടത് എന്ന് കണ്ടെത്തേണ്ടതും അല്ലാത്തപക്ഷം ടി തുക ബാങ്കിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ

a)നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട മുറികൾ മേൽ വാടകയ്ക്ക് നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

2017-18 വർഷത്തെ വാടക രജിസ്റ്റർ, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 10/379 നംമ്പർ കെട്ടിട മുറി ശ്രീ.പ്രഭാകരൻ.പി.കെ. പൂവത്തുംപ്പറമ്പിൽ എന്നവർക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി മുറിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഡി&ഒ ലൈസൻസ് ശ്രീ. അബ്ദുസലാം.കെ.കെ എന്നവരുടെ പേരിലാണ്. 10/406 നമ്പർ കെട്ടിട മുറി വാടകയ്ക്ക് നൽകിയിട്ടുള്ളത് ശ്രീ. മാമു മാളത്ത് എന്നവർക്കാണ്. പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഡി&ഒ ലൈസൻസ് ശ്രീ. ശമീർ എന്നവരുടെ പേരിലാണ്.

വാടക സംബന്ധിച്ച ബൈലോയിലെ നിബന്ധന -25 പ്രകാരം മുറി ലേലം കൊണ്ടയാൾ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. മുകളിൽ പറഞ്ഞ കെട്ടിട മുറികളുടെ കാര്യത്തിൽ ബൈലോക്ക് വിരുദ്ധമായ തരത്തിൽ മുറി മേൽ വാടകക്ക് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) വാടക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

വാടക സംബന്ധമായ ബൈലോയിലെ നിബന്ധനകൾ ഉൾപ്പെടുത്തി വാടക്കാരുമായി കരാറിൽ ഏർപ്പെടിട്ടില്ല. കരാർ പത്രം വച്ചിട്ടുള്ളതിൽ ഭൂരിഭാഗം കരാർ പത്രങ്ങളിലും കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല. വാടക സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്ന കാര്യത്തിൽ നഗരസഭ ജാഗ്രത പുലർത്തേണ്ടതാണ്.

c) 2017-18 വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയതിന്റെയോ, വാടക ലഭിച്ചതിന്റെയോ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 10 | 390 |
| 10 | 391 |
| 10 | 413 |
| 10 | 415 |
| 10 | 417 |
| 10 | 418 |
| 10 | 419 |
| 10 | 431-C |
| 11 | 749 |

മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലങ്കിൽ, വാടകയ്ക്ക് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ദി ന്യൂ ഇന്ത്യ അഷ്വറൻസ് വടക്കഞ്ചേരി | I |
| തലപ്പിള്ളി ഇൻവെസ്റ്റ്മെന്റ്സ് | I |
| വടക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | II |

2) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1) | ESAF സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I |
| 2) | ദി ന്യൂ ഇന്ത്യ അഷ്വറൻസ് വടക്കാഞ്ചേരി | I |
| 3) | തലപ്പിള്ളി ഇൻവെസ്റ്റ്മെന്റ്സ് | I |
| 4) | പൂരം ഫിൻ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 5) | വടക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | II |

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (13/16.05.2019)ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

3) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കച്ചവടക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും അമ്പത് ശതമാനത്തോളം കച്ചവടക്കാർ ആയത് അടവാക്കിയിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (15/16.05.19)ക്ക് ഡിമാന്റ് ചെയ്ത തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കാത്ത മേൽപ്പരാമർശിച്ച വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-3 ഡി&ഒ ലൈസൻസ് -അപാകതകൾ

ഡി&ഒ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 447പ്രകാരം ഏതെങ്കിലുമൊരു സ്ഥലം സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്.

2017-18 ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ നിരവധി അപേക്ഷകൾ സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളിൽ താഴെ പറയുന്ന കെട്ടിട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| വാർഡ് | കെട്ടിട നമ്പർ |
|---|---|
| 3 | 926,929,<br>931,936,933<br>934,937,938,939,941,942-A, |
| 10 | 375,376,397,398,400,401,402,404,<br>405,407,408,421,422,423,425,<br>426,427,428,429,430,431-B,431-C,<br>431-D. |
| 11 | 730,731,733,735,738 |

ഡി&ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഉടസ്ഥതയിൽ ഉള്ള മത്സ്യ മാംസ മാർക്കറ്റിലെ മുറികൾക്ക് ലൈസൻസ് ലഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(14/16.05.19)ക്ക് ഇവിടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാലാണ് ലൈസൻസ് അനുവദിക്കാത്തത്

എന്നറിയിച്ചിട്ടുണ്ട്. മത്സ്യ മാംസ മാർക്കറ്റിൽ ഇത്തരത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ നഗരസഭ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 പൂർണ്ണ സാമ്പത്തിക വർഷങ്ങളിലായി അവകാശപ്പെടാത്തതും, തിരികെ വാങ്ങാത്തതുമായ ഡെപ്പോസിറ്റുകൾ (ഉദാ: വാടക, ഇ.എം.ഡി., എസ്.ഡി. എന്നിവ) തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ നഗരസഭ അപ്രകാരം ചെയ്തിട്ടില്ല. 31.3.2015 വരെ ഇപ്രകാരം തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-5 നഗരസഭ കൗൺസിൽ തീരുമാനം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

28-06-17-ലെ നഗരസഭ കൗൺസിൽ തീരുമാനം-6 പ്രകാരം വടക്കാഞ്ചേരി ബസ്സ്സ്റ്റാന്റ് കെട്ടിടം, കുമ്പളങ്ങാട് വനിതാ വ്യവസായ കേന്ദ്രം, ഓട്ടുപ്പാറ ഷോപ്പിംങ് കോംപ്ലക്സ്, ഓട്ടുപ്പാറ മാർക്കറ്റ്, നെല്ലിക്കുന്ന് വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(18/16-05-19)ക്ക് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

26-08-17 ലെ നഗരസഭ കൗൺസിൽ തീരുമാനം-20 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള ആധുനിക ഫിഷ് മാർക്കറ്റ് സംബന്ധിച്ചും, തീരുമാനം-18 പ്രകാരം എങ്കക്കാട് ശ്മശാനം സംബന്ധിച്ചും ബൈലോ തയ്യാറാക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(17/16-05-19)ക്ക്, ആധുനിക ഫിഷ് മാർക്കറ്റ്, എങ്കക്കാട് ശ്മശാനം എന്നിവ സംബന്ധിച്ച് ബൈലോ തയ്യാറാക്കി ആയതിന് കൗൺസിൽ അംഗീകാരം ലഭ്യമാക്കി എന്നറിയിച്ചിട്ടുണ്ട്. ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് നഗരസഭ കൗൺസിലിന്റെ ഭാഗത്ത് നിന്നും അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 2-6 വസ്തു നികുതി അപാകതകൾ

വടക്കാഞ്ചേരി നഗരസഭയുടെ 2017-18 വർഷത്തെ വസ്തു നികുതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു. കേരള മുനിസിപ്പാലിറ്റി വസ്തു നികുതി സേവന ഉപനികുതി ചട്ടങ്ങൾ ചട്ടം (13) പ്രകാരം,

1) മുണ്ടത്തിക്കോട് മേഖലയിലെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) 10-3-2017-തിയ്യതിയിൽ കൂടിയ നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ തീരുമാനം നം.5 -ൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കേണ്ട വിമുക്ത ഭടന്മാരുടെ പേരു വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളോ ഫയലുകളോ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

3) വടക്കാഞ്ചേരി മേഖലയിൽ ഉൾപ്പെടുന്ന പ്രദേശത്തെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് ഫെയർ കോപ്പി രജിസ്റ്ററിലാണ്.

(മേഖല, റോഡ്, തറ നിർമ്മിതി, മേൽക്കൂര, കാലപ്പഴക്കം, സെൻട്രലൈസ്ഡ് ഏസി എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും എത്രയാണെന്നുള്ളത് വ്യക്തമായി രേഖപ്പെടുത്താതെ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണവും നികുതിയും മാത്രമാണ് ഫെയർ കോപ്പി രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്ന (പഴയ വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തു പരിധിയിലെ) വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എപ്രകാരമാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് സെക്ഷൻ കൈകാര്യം ചെയ്യുന്ന നഗരസഭാ ജീവനക്കാർക്ക് പോലും ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. )

4) ഓഡിറ്റ് വർഷം നഗരസഭാ പ്രദേശത്തെ മൊബൈൽ ടവറുകളുടെ കൃത്യമായ എണ്ണം കണക്കാക്കി രജിസ്റ്റർ സൂക്ഷിക്കുകയോ അവയുടെ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

5) കേരള മുൻസിപ്പാലിറ്റി വസ്തു നികുതി, സേവന ഉപനികുതി ചട്ടങ്ങൾ (24) പ്രകാരം നഗരസഭാ പരിധിയിലെ പൊളിച്ചുകളഞ്ഞ കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ അപേക്ഷകൾ ക്രമമായി ഫയൽ ചെയ്തു സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 34-ന് ജീവനക്കാരുടെ കുറവു നിമിത്തം വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നും ആയത് തയ്യാറാക്കി സൂക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ് എന്നും വിമുക്ത ഭടന്മാരുടെ നികുതിയിളവു സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വരുന്നുണ്ടെന്നും അസസ്മെന്റ് രജിസ്റ്ററിന്റെ അഭാവം മൂലമാണ് ഫെയർ കോപ്പി രജിസ്റ്റർ ഉപയോഗിക്കേണ്ടി വന്നതെന്നും 2018-19 വർഷം മുതൽ അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിട വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചുവരുന്നുണ്ടെന്നും നഗരസഭാ പരിധിയിലെ മൊബൈൽ ടവറുകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നുണ്ടെന്നും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിലാണ് റദ്ദ് ചെയ്യാറുള്ളതെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.

# 2-7 ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ

# നിയമിച്ചെങ്കിലും വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ചിട്ടില്ല.

വടക്കാഞ്ചേരി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപീകരിച്ച വടക്കാഞ്ചേരി നഗരസഭ 2015 നവംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചു. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 7/- രൂപയും മറ്റുള്ളവ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും നിശ്ചയിച്ചിട്ടുണ്ട്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 6/- രൂപയും മറ്റുള്ളവ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും നിശ്ചയിച്ചിട്ടുണ്ട്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നികുതിയുടെ 6% സേവന ഉപനികുതി ചുമത്തുന്നുണ്ട്.

നിലവിൽ രണ്ടു മേഖലാ കാര്യാലയങ്ങളിലും ഗ്രാമപഞ്ചായത്ത് നിരക്കിലുള്ള നികുതിയാണ് ഈടാക്കി വരുന്നത്. ഈടാക്കുന്ന വസ്തുനികുതി നഗരസഭ അക്കൗണ്ട്സിൽ ഉൾപ്പെടുത്തുന്നതിലുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തൽ പൂർത്തീകരിച്ചിട്ടില്ല. ഡിമാൻഡ് രജിസ്റ്ററുകൾക്ക് പകരം സംവിധാനം എന്ന നിലയിൽ 2013-14 മുതൽ ഹാൻഡ് ബുക്കുകൾ ഉപയോഗിച്ചു വരുന്നു. ആയതിൽ ഡി.സി.ബി കണക്കാക്കിയിട്ടില്ല.

2. മുണ്ടത്തിക്കോട് മേഖല കാര്യാലയത്തിൽ രസീതി പിരിവിന് മാത്രമായി ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അതതു ദിവസത്തെ കളക്ഷൻ അടുത്ത ദിവസം മെയിൻ ഓഫീസിൽ അടവാക്കുന്നുമുണ്ട്. എന്നാൽ സോണൽ ഓഫീസിലെ കളക്ഷൻ എന്ന പേരിലാണ് വടക്കാഞ്ചേരി നഗരസഭയിലെ ഡേബുക്കിൽ രേഖപ്പെടുത്തുന്നത്. വസ്തു നികുതിയുമായി ബന്ധപ്പെട്ട കളക്ഷന് മുണ്ടത്തിക്കോട് സോണൽ ഓഫീസിൽ യാതൊരു രജിസ്റ്ററുകളും പരിപാലിക്കുന്നില്ല .

സ.ഉ.(സാ.ധ)നം.3477/2017/ത.സ്വ.ഭ.വ തിയതി, 31-10-2017 ഉത്തരവ് പ്രകാരം നഗരസഭയിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവര ശേഖരണം, കെട്ടിട നമ്പറിംഗ്, നികുതി പിരിവ് എന്നിവ കാര്യക്ഷമമാക്കുന്നതിനായി 22 താൽക്കാലിക ജീവനക്കാരെ ദിവസ വേതന അടിസ്ഥാനത്തിൽ 6 മാസ കാലയളവിലേക്ക് നിയമിച്ചിട്ടുണ്ട്. നഗരസഭാ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 30.6.16-ലെ 2(2) തീരുമാന പ്രകാരം 41 ഡിവിഷനുകളിലും പുതിയ കെട്ടിട നമ്പർ പതിക്കുന്നതിനും, കെട്ടിടങ്ങളുടെ വിസ്തീർണ്ണം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെങ്കിലും ആയത് നാളിത് വരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

നഗരസഭാ വസ്തുനികുതി നഗരസഭയ്ക്ക് ബാധകമായ നിരക്കിലേക്ക് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കി വരുമാനനഷ്ടത്തിനിടവരാത്തവിധം കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-8 സ്ഥിര നിക്ഷേപം - രേഖകൾ ഹാജരാക്കിയില്ല

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 5,15,300/- രൂപ സ്ഥിര നിക്ഷേപമുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 12(2) പ്രകാരം രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്നു കരുതപ്പെടുന്നതും, അതനുസരിച്ച് നിഗമനത്തിൽ എത്താവുന്നതാണ്. ആയതിനാൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 3-1 ഹൈബ്രിഡ് ഡ്വാർഫ് തെങ്ങിൻതൈ വിതരണം-അപാകതകൾ

പ്രൊജക്ട് നം-220/18

പ്രൊജക്ട്-ഹൈബ്രിഡ് ഡ്വാർഫ് തെങ്ങിൻതൈ വിതരണം

നിർവ്വഹണം-കൃഷി ഓഫീസർ

ട്രഷറി ബിൽ നമ്പർ- wky4/14.1.18 തുക-67,600/-

1. ഗുണഭോക്തൃവിഹിതം ഈടാക്കിയതിനും അടവാക്കിയതിനും രേഖകളില്ല.

ജി.ഒ (എം.എസ്)80/17 ത.സ്വ.ഭ.വ തിയതി 3.4.17 സബ്സിഡി മാർഗ്ഗരേഖപ്രകാരം കൃഷിയുമായി ബന്ധപ്പെട്ട ഖണ്ഡിക 8.1 ൽ തെങ്ങിൻതൈകൾ പൊതു/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു കർഷകന് 75% പരമാവധി 3,500/- രൂപ വരെ സബ്സിഡി നിരക്കിൽ അനുവദിക്കാവുന്നതാണ്.

അഗ്രോ റിസർച്ച് സെന്റർ മണ്ണുത്തിയുടെ ഇൻവോയ്സ് നം.000288/24.8.17 പ്രകാരം Coconut Hybrid Seedling 338 എണ്ണം ഒരെണ്ണത്തിന് 300/- രൂപ നിരക്കിൽ 1,01,400/- രൂപയുടെ തൈകൾ വാങ്ങി 35 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻതൈക്ക് 200/- രൂപ നിരക്കിൽ 338 എണ്ണത്തിന് സബ്സിഡിയായി 67,600/- രൂപ വികസനഫണ്ടിൽ നിന്നും സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.(നം.00057036603256). എന്നാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം നഗരസഭയുടെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്തിട്ടില്ല. 35 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട 33,800/- രൂപ (338*100) ഈടാക്കിയതിന്റെയോ, നഗരസഭയിൽ അടവാക്കാതെ സ്ഥാപനത്തിൽ (എ.ആർ.എസ്, മണ്ണുത്തി) നേരിട്ട് അടവാക്കിയതിന്റെയോ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/13.5.19 ന് ഗുണഭോക്തൃവിഹിതം, തൈകൾ വിതരണം ചെയ്ത സ്ഥാപനത്തിൽ അടവാക്കിയിട്ടില്ല എന്നും രേഖകൾ ഹാജരാക്കാൻ സാധിക്കുകയില്ലെന്നും നിലവിലെ നിർവ്വഹണോദ്യാഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ അടവാക്കാനുള്ള തുക പിരിച്ചെടുത്ത് സ്ഥാപനത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.സബ്സിഡി പരിധി കവിഞ്ഞ് സബ്സിഡി അനുവദിച്ചു.

ജി.ഒ (എം.എസ്)80/17 ത.സ്വ.ഭ.വ തിയതി 3.4.17 സബ്സിഡി മാർഗ്ഗരേഖപ്രകാരം കൃഷിയുമായി ബന്ധപ്പെട്ട ഖണ്ഡിക 8.1 ൽ തെങ്ങിൻതൈകൾ പൊതു/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു കർഷകന് 75% പരമാവധി 3,500/- രൂപ വരെ സബ്സിഡി നിരക്കിൽ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പരിധിയിൽ കവിഞ്ഞ് സബ്സിഡി അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | അനുവദിച്ച തെങ്ങിൻതൈകളുടെ എണ്ണം | ആകെ സബ്സിഡി തുക | അധികം |
|---|---|---|---|---|
| 1 | ജോസഫ് കെ.വി,കാരിക്കാക്കുടിയില് | 20 | 200*20=4000 | 4000-3500=500 |
| 2 | ഉണ്ണികൃഷ്ണൻനായർ, ചന്ദനംകുമരത്ത് | 20 | 200*20=4000 | 4000-3500=500 |
| 3 | റപ്പായി,മാപ്രാണി | 20 | 200*20=4000 | 4000-3500=500 |
| | ആകെ | | | 1500 |

തെങ്ങിൻതൈ വിതരണത്തിലൂടെ അധികമായി അനുവദിച്ച സബ്സിഡി തുക 1,500/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-2 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- പൊതു പരാമർശങ്ങൾ

**1)കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.**

വടക്കാഞ്ചേരി, മുണ്ടത്തിക്കോട് മേഖലയിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 5 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ കൃഷി അനുബന്ധ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ട് യഥാർത്ഥ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടിട്ടില്ലാത്തതിനാൽ നഗരസഭാ പരിധിയിലെ കാർഷികമേഖലയെ സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. വടക്കാഞ്ചേരി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ സംയോജിപ്പിച്ച് നഗരസഭ രൂപീകൃതമായെങ്കിലും 2017-18 ലും രണ്ടു മേഖല കാര്യാലയങ്ങൾക്കും കൂടി ഒറ്റ പ്രൊജക്ട് തയ്യാറാക്കാതെ ഒരേ ഇനം പ്രൊജക്ട് രണ്ട് പ്രൊജക്ടുകളായാണ് നടപ്പാക്കിയിട്ടുള്ളത്. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം എന്ന പേരിൽ രണ്ടു പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. (പ്രൊജക്ട് നം.2/18,51/18).

2017-18 ലെ പ്രൊജക്ടുകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| സമഗ്ര നെൽകൃഷി വികസനം(2/18) | 1800000 | 1800000 |
| സമഗ്ര നെൽകൃഷി വികസനം വടക്കാഞ്ചേരി മോഡൽ(51/18) | 1800000 | 1263588 |
| തെങ്ങ്കൃഷി വികസനം(100/18) | 100000 | 9300 |
| പച്ചക്കറി കൃഷി വികസനം(ഗ്രോബാഗ്,പച്ചക്കറിതൈകൾ)(21/18) | 400000 | 331245 |
| ഹൈബ്രിഡ് ഡ്വാർഫ് തെങ്ങിൻതൈ വിതരണം(220/18) | 136000 | 67600 |

ജി.ഒ(എം.എസ്) 79/2017 ത.സ്വ.ഭ.വ തിയതി 3.4.17 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷിക മേഖല സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളവയായിരിക്കണം കാർഷികമേഖല പ്രൊജക്ടുകൾ. എന്നാൽ ഓരോ വർഷവും ഒരേ തരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകുമോ എന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില/ഉല്പാദക ബോണസ്, കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി, പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം, വീടുകൾ ഹരിതഭവനം എന്നിങ്ങനെ വൈവിധ്യങ്ങളായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രയോജനകരമായ ഇത്തരം പ്രൊജക്ടുകൾ ഒന്നും തന്നെ ഏറ്റെടുക്കാതെ വളം വിതരണം, കൂലിചെലവ് സബ്സിഡി, തൈ വിതരണം തുടങ്ങിയ പ്രൊജക്ടുകൾ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. വൈവിധ്യമാർന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2.പച്ചക്കറി കൃഷി വികസനം (ഗ്രോബാഗ്, പച്ചക്കറിതൈകൾ) (21/18-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല.**

2017-18 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിനായി മാതൃക കാർഷിക സേവന കേന്ദ്രം, വടക്കാഞ്ചേരിയിൽ നിന്നും നിന്നും ഗ്രോബാഗ് 2375എണ്ണം. (ആകെ 95 യൂണിറ്റ്). ആയത് 95 ഗുണഭോക്താക്കൾക്കായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തിയിൽ നിന്നും 2,12,495/- രൂപയുടെ തൈകൾ വാങ്ങി 41 വാർഡുകളിലെ സി.ഡി.എസ് മുഖേന വിതരണം നടത്തിയിട്ടുണ്ട്. പച്ചക്കറി തൈകൾ 100% സബ്സിഡി നിരക്കിൽ കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കി. എന്നാൽ പ്രൊജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തതായി കാണുന്നില്ല. പ്രൊജക്ടുകളുടെ ഫലപ്രാപ്തി സംബന്ധിച്ചും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

പച്ചക്കറികൃഷി പ്രോത്സാഹനം തൈ വിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നത് പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് എതിരാണ്. ആയതിനാൽ പ്രൊജക്ട് പൂർണ്ണമായി നടപ്പാക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ കൂടി നിരീക്ഷിക്കപ്പെടേണ്ടതാണ്.

**3 . തെങ്ങ്കൃഷി വികസനം - പ്രൊജക്ടിലെ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചില്ല.**

**അടങ്കൽ- 1,00,000/-**

**ചെലവ്-9,300/-**

രോഗബാധിതതെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കൽ, ജൈവവളം, രാസവളം വാങ്ങിയ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കൽ എന്നിവയായിരുന്നു പ്രൊജക്ടിന്റെ ലക്ഷ്യം. 40 തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങ് വെച്ച് പിടിപ്പിക്കുന്നതിന് 10,000/- രൂപ, 5,000 തെങ്ങിന് ജൈവവളം-70,000/- രൂപ, 2,000 തെങ്ങിൻതൈകൾക്ക് രാസവളം-20,000/- രൂപ ഉൾപ്പെടെ 1,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ തെങ്ങിൻതൈകൾ വെട്ടി മാറ്റലും, പുതിയവ വെച്ചു പിടിപ്പിക്കലും ഒന്നും തന്നെ നടപ്പാക്കാൻ സാധിച്ചിട്ടില്ല. രാസവളം, ജൈവവളം വാങ്ങിയ 6 ഗുണഭോക്താക്കൾക്ക് ബിൽ തുകയ്ക്ക് ആനുപാതികമായ സബ്സിഡി തുക 9,300/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. 1,00,000/- രൂപ വകയിരുത്തിയ പ്രൊജക്ടിൽ വെറും 9,300/- രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കുന്നത് പ്രൊജക്ടിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഒട്ടും സാധ്യമാകുകയില്ല എന്ന വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2017 -18 സാമ്പത്തികവർഷം താഴെ പറയുന്ന പ്രൊജക്ടുകൾക്ക വേണ്ടി വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണം | പ്രൊജക്ട് | ട്രഷറി ബിൽ നം/തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | പ്രിൻസിപ്പാൾ, ഗവ.എച്ച്.എച്ച്.എസ്. വടക്കാഞ്ചേരി | 320/18 സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം | തനതു ഫണ്ട്-ചെക്ക് നം.1914072/ 8.3.18 | 50000 | ഐ.കെ.എം തിരുവനന്തപുരം |
| 2. | വെറ്ററിനറി സർജൻ | 72/18- എ.ബി.സി പ്രോഗ്രാം | 3/30.1.18 | 100000 | തൃശ്ശൂർ ജില്ലാപഞ്ചായത്ത് |
| | | | | 150000 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-4 പണി പൂർത്തീകരിക്കാത്ത എസ്.സി വീടുകൾക്ക് ധനസഹായം- സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

പ്രൊജക്റ്റ് നം-317/18(സ്പിൽ ഓവർ)

അടങ്കൽ-10,00,000/-

ചെലവ് തുക-6,00,000/-(ട്രഷറി ബിൽ നം-6/28.3.18)

പണി പൂർത്തീകരിക്കാത്ത എസ്.സി വീടുകൾക്ക് ധനസഹായം നൽകുന്നതിനായി 2016-17 ൽ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയ പ്രൊജക്റ്റാണിത്. 1 ലക്ഷം രൂപ വീതം 10 വീടുകൾക്ക് 10,00,000/- രൂപ വകയിരുത്തിയിരുന്നു. 2016-17 ലെ പ്രൊജക്റ്റിലെ ലക്ഷ്യങ്ങൾ രേഖപ്പെടുത്തിയതു പ്രകാരം തദ്ദേശ സ്ഥാപനങ്ങളോ, സർക്കാർ ഏജൻസികളോ വകുപ്പുകളോ മുമ്പ് നടപ്പാക്കിയ ഭവനപദ്ധതികൾ വഴി ഭാഗികമായി ധനസഹായം ലഭിച്ചതും വീട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു. പ്രൊജക്റ്റ് ഖണ്ഡിക 22 നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം എന്നതിൽ എസ്റ്റിമേറ്റ് എടുത്തതിനു ശേഷം മുമ്പ് നൽകിയ തുക കുറച്ച് ബാക്കി തുക അനുവദിക്കുന്നു.

2016-17 ലെ പ്രൊജക്റ്റ് സ്പിൽ ഓവറായി 2017-18 ൽ ഏറ്റെടുക്കുകയും 6 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം 6,00,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ജി.ഒ(എം.എസ്)4/16 ത.സ്വ.ഭ.വ തിയതി 11.1.16 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പണി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധനസഹായം 17.2.11 ലെ സ.ഉ.(സാധാ)നം.497/2011 നിബന്ധന പ്രകാരമുള്ള സംഖ്യ അനുവദിക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് പ്രകാരമുള്ള യാതൊരു വ്യവസ്ഥയും ധനസഹായം അനുവദിക്കുന്നതിനു മുമ്പ് പാലിച്ചിട്ടില്ല.

1.തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വീടിന്റെ നിലവിലെ അവസ്ഥ വിശദമാക്കുന്ന എസ്റ്റിമേറ്റോ, പൂർത്തീകരിക്കാനാവശ്യമായ ഇനങ്ങളുടെ എസ്റ്റിമേറ്റോ തയ്യാറാക്കിയിട്ടില്ല.

2. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് മുമ്പ് ഏതു പദ്ധതിയിലാണ് ധനസഹായം അനുവദിച്ചിരുന്നതെന്നോ, എത്ര തുക ലഭിച്ചിരുന്നുവെന്നോ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.സന്തോഷ്.വി.വി, വട്ടപ്പറമ്പിൽ, ദേവകി കടമ്പാട്ട് എന്നിവരുടെ വ്യക്തിഗത ഫയലിൽ ഐ.എ.വൈ ഗുണഭോക്താക്കളായി കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ ഉണ്ടെങ്കിലും ധനസഹായം അനുവദിക്കുന്നതിനു മുമ്പ് ആയത് പരിഗണിച്ചിട്ടില്ല.

4. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയത് 28/3/18 തിയതിയിലാണ്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ചതിന്റെ വാല്വേഷൻ റിപ്പോർട്ട് ഹാജരാക്കിയില്ല.

5. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയോ, പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പോ മോണിറ്റർ ചെയ്തിട്ടില്ല .

6. സ.ഉ.(സാധാ) 497/11 തിയതി 17.2.11 ,ഖണ്ഡിക 5.4. പ്രകാരം സബ്സിഡി 4 ഗഡുക്കളായാണ് അനുവദിക്കാവുന്നത്. ആയതിനു വിരുദ്ധമായി ഒറ്റ ഗഡുവായി തുക അനുവദിച്ചു.

ഓഡിററ് എൻക്വയറി നം.11/16.5.19 ന് മറുപടിയായി വീടുകളുടെ നിലവിലെ ഫോട്ടോകൾ ഓഡിററിൽ ഹാജരാക്കുകയുണ്ടായി. ആയതിൽ 2 വീടുകൾ മാത്രമാണ് പൂർണ്ണമായും വാസയോഗ്യമായി കണ്ടത്. ബാക്കിയുള്ള വീടുകൾ നിലവിലും വാസയോഗ്യമായ അവസ്ഥയിൽ ആയിട്ടില്ല.

ദേവകി ചേനത്തുവളപ്പിൽ, റീജ ശ്രീരാമൻ നെല്ലിക്കുന്നത്ത്, ദേവകി കടമ്പാട്ട്, കാളി പരമേശ്വരൻ വീരത്ത് വളപ്പിൽ, സന്തോഷ്, വി.വി വട്ടപറമ്പിൽ, രാമൻ ചെമ്പത്ത് എന്നീ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വാല്വേഷൻ റിപ്പോർട്ട് തയ്യാറാക്കി 2017-18 ൽ തുക നൽകിയതിന്റെ കൃത്യത പരിശോധിച്ച് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 6,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-5 തുടർ സാക്ഷരത- അപാകതകൾ

പ്രൊജക്റ്റ് നം-123/18

നിർവ്വഹണം-പ്രിൻസിപ്പാൾ, ഗവ.എച്ച്.എച്ച്.എസ് സ്കൂൾ, വടക്കാഞ്ചേരി

1)രേഖകൾ ഹാജരാക്കിയില്ല.

ചെക്ക് നം-1914082/21.3.18 തുക-31,083/-

മേൽ ചെക്ക് പ്രകാരമുള്ള തുക ശ്രീമതി.സജിത.ടി.എൽ, നോഡൽ പ്രേരകിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. (നം.00710010029564). തുകയുടെ ചെലവു രേഖകൾ ഹാജരാക്കിയതിൽ ശ്രീ.പ്രദീപ്.ഇ.കെ, പത്താംതരം കോഴ്സ് ഫീ ഇനത്തിൽ 2,050/- രൂപ, 8 പേർക്ക് ഹയർസെക്കണ്ടറി കോഴ്സ് ഫീ ഇനത്തിൽ 16,350/- രൂപ ഉൾപ്പെടെ 18,400/- രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ ഡയറക്ടറുടെ പേരിൽ അടവാക്കിയ ബാങ്ക് ചലാന്റെ പകർപ്പ് ഫയലിലുണ്ട്. ശ്രീ.പ്രദീപ്.ഇ.കെ യുടെ പേരിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കററ് ഹാജരാക്കിയതിൽ മേൽവിലാസം, ജില്ല, വയസ്, ജനനതീയതി, ബ്ലോക്ക്/പഞ്ചായത്ത് *നഗരസഭയുടെ പേര്, അപേക്ഷകന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അഡ്മിഷൻ നമ്പരിലും തിരുത്തൽ വരുത്തിയതായി കാണുന്നു. ഹയർ സെക്കണ്ടറി കോഴ്സിലെ പഠിതാക്കളുടെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയതിൽ കോഴ്സ് ഫീ അടവാക്കിയ 8 പഠിതാക്കളിൽ മിക്കവരും ക്ലാസുകളിൽ പങ്കെടുക്കുന്നില്ല എന്നു കാണുന്നു. 8 പഠിതാക്കളുടെ തുല്യതാ പഠിതാവായി രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കുന്നതു വരെ ചെലവു തുക 18,400-* രൂപ തടസ്സപ്പെടുത്തുന്നു.

2.തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി തൻവർഷം തനതു ഫണ്ടിൽ നിന്നും 1,19,903/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥന്റെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ ചെക്ക് പ്രകാരമുള്ള തുക സാക്ഷരതാപ്രേരക് മാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയും അവരിൽ നിന്നും ചെലവുരേഖകൾ വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമനം | പ്രേരക് | ചെക്ക് നം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 1. | സജിത.ടി.എൽ | 1914082/21.3.18 | 31083/- | 00710010029564 |
| 2. | അംബിക.പി.എ | 1914089/24.3.18 | 22460 | 004900100073084 |
| 3 | ഷൈലജ.എ | 1914086/27.3.18 | 22570 | 20369898153 |
| 4 | പ്രീതി.പി.ഡി | 1914088/27.3.18 | 18910 | 67199626249 |
| 5 | സൂസമ്മ.ഇ.ടി | 1914087/27.3.18 | 22830 | 072310809484 |

സാക്ഷരതാ കേന്ദ്രങ്ങളിലേക്കാവശ്യമായ പുസ്തകങ്ങളും മറ്റു സ്റ്റേഷനറികളും വാങ്ങിയതിനാണ് ഓരോരുത്തരും തുക ചെലവഴിച്ചിരിക്കുന്നത്. നഗരസഭയിലെ സാക്ഷരത കേന്ദ്രങ്ങളിലേക്കാവശ്യമായ സ്റ്റേഷനറികൾ ഒരുമിച്ച് ക്വട്ടേഷൻ മുഖേന വാങ്ങി കേന്ദ്രങ്ങളിലേക്ക് വിതരണം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സാക്ഷരതാ പ്രേരക്മാരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് ഒഴിവാക്കി സാധനങ്ങൾ സപ്ലൈ ചെയ്തവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറേണ്ടതുമാണ്.

# 3-6 മൊബൈൽ വെറ്ററിനറി ക്ലിനിക്-വാഹനഡ്രൈവർമാർക്ക് അഡ്വാൻസായി തുക അനുവദിച്ചു

പ്രൊജക്ട് നം-69/18( മൊബൈൽ വെറ്ററിനറി ക്ലിനിക്)

ട്രഷറി ബിൽ നം/തിയതി-13/31.3.18 തുക-2,00,000/-

മൊബൈൽ വെറ്ററിനറി ക്ലിനിക് പദ്ധതിയുടെ ഭാഗമായി ക്യാമ്പുകൾ നടത്തുന്നതിന് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, വാഹനവാടക എന്നിവ നൽകുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. ആയതു പ്രകാരം വിഷ്ണു മെഡിക്കൽസ്, തൃശ്ശൂരിൽ നിന്നും 1,60,000/-രൂപയ്ക്ക് മരുന്നുകളും, ന്യൂ കുമാർ ഡയഗ്നോസ്റ്റിക്സ് തൃശ്ശൂരിൽ നിന്നും 20,000/- രൂപയ്ക്ക് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ വടക്കാഞ്ചേരി, മുണ്ടത്തിക്കോട് മേഖലകളിൽ ക്യാമ്പിൽ പങ്കെടുത്ത വാഹനഡ്രൈവർമാർക്ക് 20,000/- രൂപ അനുവദിച്ചിട്ടുമുണ്ട്.

ഫയൽ പരിശോധിച്ചതിൽ 2017-18 സാമ്പത്തികവർഷത്തിൽ 15.3.18,21.3.18,23.3.18 തിയതികളിൽ ആകെ 3 ദിവസം മാത്രമാണ് ക്യാമ്പ് നടത്തിയിട്ടുള്ളത്. ഒരു ദിവസത്തിന് 500/- രൂപ നിരക്കിൽ വാഹനവാടക അനുവദിക്കാവുന്നത് 1,500/- രൂപ മാത്രമാണ്. വടക്കാഞ്ചേരി മേഖലയിൽ നടത്തിയ ക്യാമ്പിന്റെ വാഹനവാടകയുടെ വൗച്ചറുകളിൽ 20.7.18 വരെയുള്ള തിയതികൾ രേഖപ്പെടുത്തികാണുന്നു.

വാഹനവാടകയിനത്തിൽ ശ്രീ.മദനൻ.എ.എം, എഴുത്തശ്ശൻവളപ്പിൽ, ഓട്ടുപാറ (അക്കൗണ്ട് നം.0108032231771907O1), ശ്രീ.വി.എസ് കൃഷ്ണൻ, (നം.015002253946190001) എന്നിവർക്ക് അഡ്വാൻസായി വാഹനവാടക അനുവദിച്ചതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം.10/16.5.19). മെഡിക്കൽ ക്യാമ്പിൽ രജിസ്റ്റർ ചെയ്തവരുടെ വിശദാംശങ്ങൾ, മരുന്നുകളുടെ വിതരണത്തിന്റെ വിശദാംശങ്ങൾ, വാഹനത്തിന്റെ ട്രിപ്ഷീറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. 2017-18 സാമ്പത്തികവർഷം നടത്തിയ ക്യാമ്പുകളുടെ തുക കഴിച്ച് ബാക്കി അഡ്വാൻസിനത്തിൽ അനുവദിച്ച 17,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 മലബാറി ആടുവളർത്തൽ വനിതാഗ്രൂപ്പ് സംരംഭം-25 ജെ.എൽജി ഗ്രൂപ്പ് -രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം-394/18 (മലബാറി ആടുവളർത്തൽ വനിതാഗ്രൂപ്പ് സംരംഭം-25 ജെ.എൽജി ഗ്രൂപ്പ് )

നിർവ്വഹണം-സീനിയർ വെറ്ററിനറി സർജൻ

ട്രഷറി ബിൽ നം-14/31.3.18 തുക-3,60,000/-

15/31.3.18 തുക-45,000/-

ആകെ-4,05,000/-

5 പേരടങ്ങുന്ന 15 ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് ഗ്രൂപ്പ് ഒന്നിന് 6,000/- രൂപ വിലമതിക്കുന്ന 15 പെണ്ണാടുകളെ വിതരണം ചെയ്യുന്നു. വികസനഫണ്ട് 6,75,000/- രൂപ, ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ 6,75,000/-, ഉൾപ്പെടെ ആകെ 13,50,000/- രൂപ വകയിരിത്തിയിട്ടുണ്ട്. ആകെ 4,05,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 പ്രകാരം ആട്ട വിതരണം വ്യക്തിഗത പ്രൊജക്ടായാണ് തയ്യാറാക്കേണ്ടിയിരുന്നത്. ഗ്രൂപ്പ് സംരംഭം 2017-18 ലെ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ല.

2. ആടുകളെ വാങ്ങുന്നതിന് പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. കരാറുകാരനെ എപ്രകാരം കണ്ടെത്തി എന്നതു സംബന്ധിച്ച രേഖകൾ ഫയലില്ല.

3. സ്നേഹനിധി, ദയ, ധനശ്രീ, വാത്സല്യം, ആരാധന ഗ്രൂപ്പുകൾ വടക്കാഞ്ചേരി മേഖലയിലും, നീലാംബരി, അമൃതം, ഉദയം, മാനസ എന്നീ ഗ്രൂപ്പുകൾ മുണ്ടത്തിക്കോട് മേഖലയിലും രൂപീകരിച്ച് ആകെ 9 ഗ്രൂപ്പുകൾക്ക് ആടിനെ വിതരണം നടത്തിയിട്ടുണ്ട്. ഓരോ ഗ്രൂപ്പിന്റെയും ഫയലിൽ ആടിനെ വിറ്റിരിക്കുന്ന ആളുടെ പേര് ജെഫീർ എം.എം, മുസ്ലിംവീട്ടിൽ ഹൗസ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ആടിനെ വിറ്റതായി രേഖപ്പെടുത്തിയ വ്യക്തിയുടെ പേരോ, മേൽവിലാസമോ, ആട് ഫാം നടത്തുന്നതിന് അംഗീകൃത ലൈസൻസുള്ള വ്യക്തിയാണോ എന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. സബ്സിഡി തുക ആടിനെ വിറ്റ ആൾക്കു നൽകുന്നതിനു പകരം ധനകാര്യ സ്ഥാപനത്തിനും, ഗ്രൂപ്പിനും അനുവദിച്ചതായി കാണുന്നു.

1വടക്കാഞ്ചേരി സ്ർവ്വീസ് സഹകരണബാങ്ക്-1,80,000/-

2.പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക്-1,80,000/-

3.ദയ ജെ.എൽ.ജി ഗ്രൂപ്പ്-45,000/-

ആകെ 4,05,000/-

6. വികസനസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 19.4.18 ലെ 4-ാം നമ്പർ തീരുമാനപ്രകാരം 2018 ഏപ്രിൽ 27 ന് മലബാറി ആട്ടുവളർത്തൽ പദ്ധതിയുടെ ജെ.എൽ.ജി ഗ്രൂപ്പുകളുടെ ആട്ട വിതരണം പകൽ വീട്ടിൽ വെച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ നിന്നും ആടുകളെ വാങ്ങുന്നതിനു മുമ്പേ തന്നെ വികസനഫണ്ട് വിഹിതം ബാങ്കുകൾക്കും ഒരു ജെ എൽ.ജി ഗ്രൂപ്പിനും കൈമാറിയതായി വ്യക്തമാകുന്നു.

7. സബ്സിഡി തുകയോടൊപ്പം വായ്പാ തുക ആടിനെ വിറ്റ ആൾക്ക് അനുവദിച്ചതിന്റെ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 19/16.5.19 പ്രകാരം ഗ്രൂപ്പുകളുടെ വായ്പാ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 4 ഗ്രൂപ്പുകൾ മാത്രമാണ് പാസ്ബുക്കുകൾ ഹാജരാക്കിയത്. ദയ, നീലാംബരി, അമൃതം, ഉദയം, മാനസ ഗ്രൂപ്പുകൾ പാസ്ബുക്കുകൾ ഹാജരാക്കിയില്ല.

8. പാസ്ബുക്കുകൾ ഹാജരാക്കിയ ഗ്രൂപ്പുകളുടെ പാസ്ബുക്കുകൾ പരിശോധിച്ചതിൽ 2018 മെയ് മാസത്തിൽ മാത്രമാണ് ബാങ്കുകൾ വായ്പ അനുവദിച്ചതായി രേഖപ്പെടുത്തി കാണുന്നത്.

മാർച്ച് മാസത്തിൽ വികസനഫണ്ടിന്റെ ചെലവ് കാണിക്കുന്നതിനു വേണ്ടി മാത്രം തുക ബാങ്കുകൾക്ക് കൈമാറിയ നടപടി ശരിയല്ല. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 3-8 പട്ടികജാതി പെൺമക്കളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു.

പ്രൊജക്ട് നം-91/18

നിർവ്വഹണോദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ (വടക്കാഞ്ചേരി മേഖല)

ട്രഷറി ബിൽ നം-7/8.1.18 തുക-3,75,000/-

ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ഖണ്ഡിക 11.5. പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺമക്കളുടെ വിവാഹത്തിന് വരുമാനപരിധി 2,00,000/- രൂപയ്ക്ക് വിധേയമായി 75,000/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. ഇപ്രകാരം ധനസഹായം അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം.

എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ മകളുടെ 2016-17 സാമ്പത്തികവർഷം നടന്ന വിവാഹത്തിന് 50,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനു പകരം 2017-18 ലെ ധനസഹായ തുകയായ75,000/- രൂപ അനുവദിച്ചതായി കാണുന്നു. (പട്ടികജാതി പെൺകുട്ടികളുടെ വിവഹധനസഹായം 1.4.12 മുതൽ 50,000/- രൂപയാക്കി നിജപ്പെടുത്തിയിട്ടുണ്ട്).

| ക്രമനം | ഗുണഭോക്താവ് | വിവാഹതിയതി/ വിവാഹ സർട്ടിഫിക്കറ്റ് | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | ലളിത.എം.എ, കിഴക്കേപുരയ്ക്കൽ എങ്കക്കാട് | 31.12.16<br>24/16 | 75000 | 50000 | 25000 |

മേൽപ്രകാരം അധികമായി അനുവദിച്ച 25,000/- രൂപ ധനസഹായം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3/13.5.19).

# 3-9 വാദ്യോപകരണങ്ങൾ വാങ്ങൽ (വനിതാ ഗ്രൂപ്പുകൾ)- വാദ്യോപകരണങ്ങൾ നാളിതുവരെ വിതരണം നടത്തിയില്ല

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ (വടക്കാഞ്ചേരി മേഖല)

പ്രൊജക്ട് നം-388/18

അടങ്കൽ- വികസനഫണ്ട്-4,00,000/-

ഗുണഭോക്തൃവിഹിതം-80,000/-

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-3,20,000/-

ആകെ-8,00,000/-

ചെലവ്- തുക-3,25,000/- (വികസനഫണ്ട്)

(ട്രഷറി ബിൽ നം-wky 23/30.3.18 )

വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിന് ലക്ഷ്യമിട്ട പ്രൊജക്ടാണിത്. വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. ഒരു ഗ്രൂപ്പിന് 1,00,000/- രൂപ നിരക്കിൽ 8 ഗ്രൂപ്പിനാണ് 8,00,000/- രൂപ വകയിരുത്തിയിട്ടുള്ളത്. നഗരസഭ ഭരണസമിതിയുടെ 19.10.17 ലെ തീരുമാനം 2(4) പ്രകാരം 3 വനിതാ ഗ്രൂപ്പുകളെ ഈ ഇനത്തിലേക്കായി അംഗീകരിച്ചതായി കാണുന്നു.(അരുണോദയം, ഉദയ, സൗഹൃദ). എന്നാൽ വാദ്യാപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് 12.2.18 ൽ മാത്രമാണ്. (നം.ജെ.1-5737).

പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഇംപാക്ട് എന്റർപ്രൈസസ്, മലപ്പുറം, കെ.പി.എം സ്റ്റോഴ്സ് ചെർപ്പുളശ്ശേരി എന്നീ രണ്ടു സ്ഥാപനങ്ങൾ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയതിൽ കുറവു തുക രേഖപ്പെടുത്തിയ ഇംപാക്ട് എന്റർപ്രൈസസ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. മൈക്രോ-ചെറുകിട വ്യവസായ സംരംഭകർ എന്ന് കണക്കാക്കി സ്ഥാപനത്തിന് ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം സപ്ലൈ ചെയ്ത ഉൽപ്പന്നങ്ങൾ അവർ നിർമ്മിക്കുന്നതാണോ അതോ മേൽ ഉൽപ്പന്നങ്ങളുടെ അംഗീകൃത സേവനദാതാക്കളാണോ എന്ന് പരിശോധിച്ച് ജില്ലാ വ്യവസായകേന്ദ്രം മാനേജർ നൽകിയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. (മിനിസ്റ്റി ഓഫ് മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസിന്റെ 10.1.17 ലെ നോട്ടിഫിക്കേഷൻ, എസ്.ഒ.85(E),ക്രമനം.15)). സാക്ഷ്യപത്രം ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട തുകകൾ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

സപ്ലൈ ചെയ്ത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാദ്യോപകരണങ്ങളുടെ വാറണ്ടി ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിൽ 7 ഇനങ്ങളുടെ തുകയാണ് രേഖപ്പെടുത്തിയിരുന്നത്. (Drumbet-7500/-, U foaming system set, -16,500/- Side drum-4,500/-, Base Drum set-7200/-, Simbel-2,200/-, Belt-420/-, Stick-350/- ആകെ-38,670/-). എന്നാൽ സ്ഥാപനത്തിന്റെ 2 ഇൻവോയ്സ് ബില്ലുകളിലും ഈ ഇനങ്ങൾ പ്രത്യകം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടെണ്ടറിൽ രേഖപ്പെടുത്തിയ ഇനങ്ങളിൽ നിന്നും വ്യത്യസ്തമായി ചെണ്ട, ഇലത്താളം എന്നിവയാണ് സ്ഥാപനം സപ്ലൈ ചെയ്തിരിക്കുന്നത്. ചെണ്ട, ഇലത്താളം എന്നിവയ്ക്ക് വേറെ ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. ഇൻവോയ്സ് നമ്പർ 060/20.3.18 ൽ രേഖപ്പെടുത്തിയ ഇനങ്ങൾ വ്യക്തമല്ല. (ആകെ തുക-2,50,000/-). ഇൻവോയ്സ് നമ്പർ 061/20.3.18 ൽ വാദ്യോപകരണം എന്നു രേഖപ്പെടുത്തി എണ്ണം, തുക എന്നിവയിൽ തിരുത്തൽ വരുത്തിയിരിക്കുന്നു. ഇനത്തിനു നേരെ 4,00,000/- രൂപ എന്നും ആകെ തുക 40,000/- രൂപ എന്നും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം

ഹാജരാക്കിയ ഇൻവോയ്സ് ബില്ലുകളിൽ നിന്നും ഏതെല്ലാം ഇനങ്ങളാണ് സപ്ലൈ ചെയ്തതെന്നും, ഓരോ ഇനത്തിന്റെയും വില, എത്ര എണ്ണം സപ്ലൈ ചെയ്തു എന്ന വിവരം ലഭ്യമല്ല. 7 ഇനങ്ങൾക്ക് ടെണ്ടറിൽ രേഖപ്പെടുത്തിയ (38,670/-) തുകയിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത ഇനങ്ങൾ മുഴുവനായും ഇല്ലാതെ തന്നെ 6,50,000/- രൂപയുടെ ബിൽ സ്ഥാപനം സമർപ്പിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. ഇനങ്ങളിലുണ്ടായ കുറവ് ആരും തന്നെ പരിശോധിച്ചതായി രേഖകളില്ല.

3. 2017-18,2018-19 സാമ്പത്തികവർഷങ്ങളിൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കുകയോ, ഗ്രൂപ്പുകൾ ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പകൾ എടുക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനത്തിന്റെ വ്യക്തതയോ, കൃത്യതയോ ഇല്ലാത്ത, തുക രേഖപ്പെടുത്തിയതിൽ തന്നെ തെറ്റുള്ള പ്രസ്തുത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ വികസനഫണ്ട് വിഹിതം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ബാക്കി തുക നാളിതു വരെ സ്ഥാപനത്തിന് അനുവദിച്ചിട്ടില്ല.

4. നഗരസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 3 ഗ്രൂപ്പുകളിലെയും അംഗങ്ങൾ പ്രസ്തുത മേഖലയിൽ (ചെണ്ട മേളം) പ്രാവീണ്യം നേടിയവരാണോ എന്നു തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും നിർവ്വഹണോദ്യോഗസ്ഥ സൂക്ഷിക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഈ മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് സ്വയംതൊഴിലിന് ആസ്തികൾ നൽകുന്നതാണ് അഭികാമ്യം എന്നിരിക്കെ ഈ മേഖലയിൽ പരിശീലനം നേടിയിട്ടില്ലാത്ത വ്യക്തികൾക്ക് ഇപ്രകാരം ഉപകരണങ്ങൾ വാങ്ങി നൽകുന്നത് വികസനഫണ്ടിന്റെ ചെലവ് ശതമാനം പെരുപ്പിച്ചു കാണിക്കാൻ മാത്രമേ സഹായിക്കൂ. ആയതിന്റെ ലക്ഷ്യ പ്രാപ്തി നേടാൻ സാധിക്കുകയില്ല.

5. 2017-18 ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ വാദ്യോപകരണങ്ങൾ (20 ചെണ്ട, 20 ഇലത്താളം) വടക്കാഞ്ചേരി ആനപറമ്പ് സ്കൂൾ കെട്ടിടത്തിനോട് ചേർന്നു പ്രവർത്തിക്കുന്ന അംഗൻവാടി നം.125 ൽ സൂക്ഷിച്ചിരിക്കുന്നതായി കാണുകയുണ്ടായി. 2018 മാർച്ചിൽ വാങ്ങിയ ഉപകരണങ്ങൾ ഒരു വർഷം പിന്നിട്ടിട്ടും ഗ്രൂപ്പുകൾക്കു കൈമാറാതെ സൂക്ഷിച്ചിരിക്കുന്ന നടപടി ശരിയല്ല.



വാദ്യോപകരണങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു

ജി.ഒ (എം എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 പ്രകാരം തെരഞ്ഞെടുത്ത ഗ്രൂപ്പുകളിൽ നിന്നും ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കേണ്ട 10 % ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതും, ഗ്രൂപ്പുകളുടെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ തുകയോടൊപ്പം വാദ്യാപകരണം വിതരണം ചെയ്ത സ്ഥാപനത്തിന് തുക കൈമാറേണ്ടതുമാണ്. പ്രസ്തുത തുക കൈമാറുന്നതിനു മുമ്പേ ഓരോ ഇനത്തിനും ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നിന്നും കൃത്യമായ ഇൻവോയ്സ് ലഭ്യമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവു തുക 3,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-10 തൊഴിൽ രഹിത വേതനം-അർഹതാ കാലയളവിനു ശേഷവും വേതനം അനുവദിച്ചു

തൊഴിൽ രഹിത വേതനത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അർഹതാ കാലയളവ് കഴിഞ്ഞിട്ടും വേതനം അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | റോൾ നമ്പർ | ജനനതിയതി | അർഹമായ കാലയളവ് | അനുവദിച്ചത് | അധിക തുക |
|---|---|---|---|---|---|
| സുനിൽ.എം.എ, മേലേതിൽ | 666 | 15.5.82 | 5/17 വരെ | 2/18 വരെ | 1080/- |
| പ്രജിത.വി.പി, മാക്കാടിക്കുന്ന്, മംഗലം | 550 | 15.5.1982 | 5/17 വരെ | 6/17 വരെ | 120/- |
| ജിഷ.എം.സി, അയ്യത്ത്, | 575 | 30.4.1983 | 4/18 വരെ | 8/18 വരെ | 480/- |

| | | | | | |
|---|---|---|---|---|---|
| കുമരനെല്ലൂർ | | | | | |
| | | | | | 1,680/- |

അധികമായി അനുവദിച്ച വേതനം തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-11 അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണം-ഒരേ ബില്ലിന് രണ്ടു തവണ സപ്ലൈക്കോക്ക് തുക അനുവദിച്ചു

2017-18 സാമ്പത്തികവർഷം അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണത്തിനായി 5 പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ സപ്ലൈകോ ഇറക്കിയ ഭക്ഷ്യധാന്യങ്ങൾക്ക് ഒരു ബില്ലിനു തന്നെ രണ്ടു പ്രൊജക്ടിലും തുക അനുവദിച്ചതായി കാണുന്നു.

1. പ്രൊജക്ട് നം-107/18- അനുപൂരക പോഷകാഹാരം (എസ്.സി), വടക്കാഞ്ചേരി

ചെലവു തുക-6,04,883/-

ട്രഷറി ബിൽ നം.11/28.2.18 പ്രകാരം മാറിയ 2,12,236/- രൂപയിൽ 1,28,531/- രൂപ സപ്ലൈകോ വടക്കാഞ്ചേരിയുടെ അക്കൗണ്ട് നമ്പർ 156502000508 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

| ഇഷ്യൂ നമ്പർ | ബിൽ തുക | രസീതി നം | തുക | കൈപ്പറ്റ് (രശീതിയിൽ സൂചിപ്പിച്ച ബിൽ നമ്പറുകൾ) |
|---|---|---|---|---|
| 171218/30.11.17 | 12997 | 172/22.3.18 | 128591/- | 171218/30.11.17-12997 |
| 171329/30.12.17 | 29539.16 | | | 171329/30.12.17-29539.16 |
| 171443/1.1.18 | 86055.13 | | | 171443/1.1.18-86055.13 |
| | 128590.79 | | | 1,28,591/- |

മേൽ 3 ബില്ലുകളിലെയും ഭക്ഷ്യധാന്യങ്ങൾ 1.1.18 ൽ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2.പ്രൊജക്ട് നം-113/18-അനുപൂരക പോഷകാഹാരം (ജനറൽ), വടക്കാഞ്ചേരി

ട്രഷറി ബിൽ നം.12/21.3.18 പ്രകാരമുള്ള 2,41,753/- രൂപയിൽ 1,28,500/- രൂപ സപ്ലൈകോക്ക് അനുവദിച്ചിട്ടുണ്ട്.

| ഇഷ്യൂ നമ്പർ | തുക | കൈപ്പറ്റ് രസീതി | കുറിപ്പ് |
|---|---|---|---|
| 0802101171606/7.2.18 | 53820 | 172/22.3.18 തുക-1,28,500/- | ബിൽ തുക 1,39,875/- രൂപയിൽ 1,28,500/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| 0802101171443/10.1.18 | 86055 | | |
| | 1,39,875 | | |

ജനുവരി 2018 എന്നു രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ തിയതികളിൽ മാറ്റം വരുത്തി ഒരേ ബിൽ നമ്പർ പ്രകാരം (ബിൽ നം. 0802101171443) അനുവദിച്ച ഇനങ്ങൾ ഒന്നു തന്നെയാണ്. കൈപ്പറ്റ് രസീതിയും ഒന്നു തന്നെയാണ് നൽകിയിരിക്കുന്നത്. ഒരേ ബിൽ പ്രകാരം രണ്ടു തവണ അനുവദിച്ച തുക സപ്ലൈകോയിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21/16.5.19). മറുപടിയായി തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-12 ദേശീയ നഗര ഉപജീവന മിഷൻ(എൻ.യു.എൽ.എം)പദ്ധതി പ്രകാരം എ.എൽ.എഫ് (എ.ഡി.എസ്)കൾക്ക് നൽകിയ തുക അയൽക്കൂട്ടങ്ങൾക്ക് വിതരണം നടത്തിയിട്ടില്ല

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യം വച്ചുകൊണ്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ(പദ്ധതി നിർവ്വഹണത്തിന്റെ നോഡൽ എജൻസി കുടുംബശ്രീയാണ്). ഇതിന്റെ ഭാഗമായി സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വയം സഹായ സംഘങ്ങളുടെ വാർഡ്/ഏരിയാതല ഫെഡറേഷനുകൾക്ക് (എ.എൽ.എഫ്/നിലവിൽ എ.ഡി.എസ്) റിവോൾവിങ് ഫണ്ട് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എ.എൽ.എഫ് കൾക്ക് മാനദണ്ഡൾ അനുസരിച്ച് ഒരു എ.എൽ.എഫ് ന് 50,000/-രൂപ റിവോൾവിങ് ഫണ്ടായി നൽകാവുന്നതാണ്. ഈ തുക ലഭിക്കുന്നതിലൂടെ എ.എൽ.എഫ് കളുടെ മൊത്തം സമ്പാദ്യം വർദ്ധിക്കുകയും കൂടുതൽ തുക വായ്പയായി അംഗസംഘങ്ങൾക്ക് നൽകുന്നതിനും സാധിക്കും. ഈ പദ്ധതി പ്രകാരം നഗരസഭ സി.ഡി.എസ്-1 (വടക്കാഞ്ചേരി), സി.ഡി.എസ്-2 (മുണ്ടത്തിക്കോട്) എന്നിവയുടെ ചുമതലയിലുള്ള 5 വീതം എ.ഡി.എസു കൾക്ക് 5,00,000/- രൂപ (50,000 രൂപ വീതം ഓരോ എ.ഡി.എസിനും)നൽകി. എന്നാൽ താഴെപ്പറയുന്ന എ.ഡി.എസ് അക്കൗണ്ടുകളിൽ ഈ തുക വിനിയോഗിക്കാതെ ശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സി.ഡി.എസ് | ഡിവിഷൻ | എ.ഡി.എസ് അക്കൗണ്ട് | ചെക്ക് നമ്പർ/ തീയ്യതി | തുക | അക്കൗണ്ടിൽ വരവ് വച്ച തീയ്യതി |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | നമ്പർ/ ബാങ്ക് | | | |
| മുണ്ടത്തിക്കോട് | 31 | PD1007/ പെരിങ്ങണ്ടൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 351309/ 28.3.18 | 50000 | 29/5/18 |
| | 37 | 67339919568/ എസ്.ബി.ഐ | 894601/ 28.3.18 | 50000 | 20.4.18 |
| വടക്കാഞ്ചേരി | എ.ഡി.എസ് , മംഗലം | 4410/വടക്കാഞ്ചേരി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 412734/9.3.18 | 50000 | 28.3.18 |
| | എ.ഡി.എസ്, പുല്ലാനിക്കാട് | 4434/വടക്കാഞ്ചേരി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 412748/ 28.5.18 | 50000 | 14.6.18 |
| | എ.ഡി.എസ്, ഓട്ടുപാറ | 4307/വടക്കാഞ്ചേരി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 412735/ 9.3.18 | 50000 | 28.3.18 |
| | എ.ഡി.എസ്, ചുള്ളിക്കാട് | വടക്കാഞ്ചേരി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 412735/9.3.18 | 50000 | 23/4/18 |

മേൽകണക്കുകൾ സൂചിപ്പിക്കുന്നത് ഒരുവർഷത്തിലേറെയായിട്ടും പദ്ധതി വിഭാവനം ചെയ്ത പ്രകാരം തുക അംഗങ്ങൾക്ക് വായ്പയായി നൽകാതെ എ.ഡി.എസ് അക്കൗണ്ടുകളിൽ നിഷ്ക്രിയമായികിടക്കുന്നുവെന്നാണ്. തുക അയൽക്കൂട്ടങ്ങൾക്ക് നൽകി ജീവനനോപാധി വികസനത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-13 വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനായി വാങ്ങിയ വാട്ടർ ടാങ്കുകൾ പൂർണ്ണമായി സ്ഥാപിച്ചിട്ടില്ല

നഗരസഭ പ്രദേശത്തെ വരൾച്ച നേരിടുന്നതിനായി 41 ഡിവിഷനുകളിൽ കുടിവെള്ളവിതരണത്തിന് വാർട്ടർകിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനായി വിക്ടോറിയ പോളിഫോം എന്ന സ്ഥാപനത്തിൽ നിന്ന് ഇ-ടെണ്ടർ മുഖേന 2000 ലിറ്റർ സംഭരണ ശേഷിയുള്ള 50 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി വൗച്ചർ നമ്പർ 21700335 /5.6.17 (ചെക്ക് നമ്പർ എസ്.ബി.റ്റി 023113/5.6.17)പ്രകാരം 6,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിക്കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (23/16.5.19ലെ) 20,21,24,30,33 ഡിവിഷനുകളിൽ 2വീതവും ബാക്കി 36 ഡിവിഷനുകളിൽ 1 വീതവും ആകെ 46 ടാങ്കുകൾ വിതരണം നടത്തിയിട്ടുണ്ടെന്നും 4 എണ്ണം വിതരണം ചെയ്യാതെ സൂക്ഷിക്കുന്നതായും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി (കൈപ്പറ്റ് വിവരം)വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് ആയതുവരെ ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(മേൽ ചെലവ് other Finance Expenses എന്ന ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് നഗരസഭയുടെ ആസ്തിയായി കണക്കാക്കാവുന്നതും ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താവുന്നതും ഡിപ്രീസിയേഷൻ കണക്കാക്കാവുന്നതുമാണ്.

# 3-14 നഗരസഭ പ്രദേശത്തെ പൊതുടാപ്പുകളുടെ വെള്ളക്കരം -കേരള

# വാട്ടർ അതോറിറ്റിയ്ക്കു അടവാക്കനുള്ള കുടിശ്ശിക -ഒരുകോടിയോളം

കേരള വാട്ടർ അതോറിറ്റിയുടെ 15/3/18 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ അടവാക്കാനുള്ളതുക 96,54,409/-, രൂപയും ഫൈൻ ഇനത്തിൽ 1,58,311/-രൂപയുമാണ്. 2018-19 ൽ കുടിശ്ശിക ഒരുകോടിയിലധികമായിട്ടുണ്ട്. നഗരസഭ പ്രദേശത്തെ 386 ടാപ്പുകൾക്ക് പ്രതിമാസം 2,53,602/- (7884/year/tap)രൂപ മുടക്കം കൂടാതെ അടവാക്കി വരുന്നുണ്ട്. എന്നിട്ടും ഇത്രയും തുക കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (25/21.5.1) മറുപടിയിൽ നഗരസഭ വെള്ളക്കരം കൃത്യമായിതന്നെ അടവാക്കുന്നുണ്ടെന്നും പഞ്ചായത്ത് കാലയളവിലെ കുടിശ്ശിക ആവാം എന്നും ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ 386 ടാപ്പുകൾക്ക് വെള്ളക്കരം കൃത്യമായിത്തന്നെ നഗരസഭ അടവാക്കുന്നുണ്ട്. പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന ആരംഭിച്ചെങ്കിലും (19/9/18,24/9/18,23/10/18)8 ഡിവിഷനുകളിൽ മാത്രമാണ് പൂർത്തിയായിട്ടുള്ളത്.

വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതും, സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-15 വിവിധ ഉദ്ഘാടന ചെലവുകൾക്ക് സർക്കാർ മാർഗ്ഗ നിർദ്ദേശത്തിലും അധികരിച്ച് തുക ചെലവഴിച്ചിരിക്കുന്നു -അധിക ചെലവ് നിരാകരിക്കുന്നു

നഗരസഭയിൽ 2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭ ഓഫീസ് ഷിഫ്റ്റിങ്ങ്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഉദ്ഘാടനങ്ങൾക്ക് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | ചെലവ് ഇനം | വൗച്ചർനമ്പർ | ചെക്ക് നമ്പർ/ തീയ്യതി | തുക |
|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | ഫോട്ടോ ആൽബം | 21701092 | 006200/ 20.12.17 | 1250 |
| | സ്റ്റേജ്,പന്തൽ, ജനറേറ്റർ, സൗണ്ട് സിസ്റ്റം etc | 21701093 | 888675/ 20.12.17 | 24500 |
| | ഭക്ഷണ വിതരണം | 21700992 | 006180/ 21.11.17 | 14800 |
| ആകെ | | | | 40550 |
| ഓഫീസ് ഷിഫ്റ്റിങ്ങ് | ഫോട്ടോ ആൽബം | 21700634 | 005214/ 22.8.17 | 3800 |
| | ഉദ്ഘാടന ചടങ്ങ്-സ്റ്റേജ്, പന്തൽ, ജനറേറ്റർ, സൗണ്ട് സിസ്റ്റം etc | 2100632/26.8.17 | 005204/22.8.17 | 34800 |
| | ബാനർ | 21700632/ 26.8.17 | 5205/ 22.8.17 | 1500 |
| | പഞ്ചവാദ്യം, അലങ്കാരം | 21700634 | 005206/ 26.8.17 | 12500 |
| ആകെ | | | | 52600 |

സർക്കാർ ഉത്തരവ് (സാധ)നം.3866/2015/തസ്വഭവ തീ.28.12.2015 ൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10,000/-രൂപയും തനത് ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പരിധിയിൽ അധികരിച്ച് ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദി ആയിരിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ രണ്ട് ഉദ്ഘാടന ചടങ്ങുകളിലും പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി അധികരിച്ച് ചെലവഴിച്ച (40550+52600=93150-50000) 43,150/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.42/21.5.19).

# 3-16 ദിവസവേതന നിയമനങ്ങൾ-സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്നു

നഗര സഭയിൽ താഴെപ്പറയും പ്രകാരം ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി. നിഷ | ഡാറ്റ എൻട്രി |
| 2 | ശ്രീമതി.ഗീതു | “ |
| 3 | ശ്രീമതി.ശാഖി | “ |
| 4 | ശ്രീമതി.മേരീസ് | കിയോസ്ക്ക് മെസ്സൻജർ |
| 5 | ശ്രീമതി.സീമ | “ |
| 6 | ശ്രീമതി.സിന്ധു സോമൻ | വർക്കർ |
| 7 | കുമാരി.ഫരീബ ഫരീദ് | ക്ലർക്ക് |
| 8 | ശ്രീ.സുബി സൈമൺ | ഓവർസീയർ Gr.III |
| 9 | ശ്രീ. അനുരാജ് കെ.ജി | ജെ.എച്ച്.ഐ Gr.II |
| 10 | ശ്രീ.രവീന്ദ്രൻ | ഡ്രൈവർ |
| 11 | ശ്രീ.വിനോജ് | ഡ്രൈവർ |
| 12 | ശ്രീ.അബ്ദുൾ അസീസ് | ഡ്രൈവർ |
| 13 | ശ്രീ.ചേറപ്പൻ | ഡ്രൈവർ |

മേൽ ജീവനക്കാരിൽ ജെ.എച്ച്.ഐ Gr.II, ഡ്രൈവർ എന്നിവരുടെ ഓരോ ഒഴിവുകൾക്കുമാത്രമേ നിലവിൽ അംഗീകാരമുള്ളുവെന്നും മറ്റുള്ളവരെല്ലാം തന്നെ മുൻസിപ്പാലിറ്റി രൂപം കൊണ്ട 1/11/15മുതൽ ദിവസവേതനാടിസ്ഥാനത്തിൽ കമ്മറ്റി തീരുമാനപ്രകാരം (179 ദിവസത്തിനു ശേഷം ഇടവേള നൽകികൊണ്ട്) ജോലി ചെയ്തുവരുന്നതായിട്ടാണ് ഓഡിറ്റ് എൻക്വയറിക്കുള്ള (8/15.5.19)മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. വടക്കാഞ്ചരി, മുണ്ടത്തിക്കോട് എന്നീ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപം കൊണ്ടിട്ടുള്ള ഈ നഗരസഭയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ അപര്യാപ്തമായതിനാൽ നഗരസഭയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനാണ് മേൽ പ്രകാരം നിയമനം നടത്തിയിട്ടുള്ളത് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ (എം.എസ്) നം.109/2016/തസ്വഭവ തീ.5/08/16 പ്രകാരം നഗരസഭയ്ക്കു റഗുലർവിഭാഗത്തിൽ 24 ഉം കണ്ടിജന്റ് വിഭാഗത്തിൽ 23ഉം തസ്തികകൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമേയാണ് മേൽപ്രകാരം താത്ക്കാലിക നിയമനം നടത്തിയിട്ടുള്ളത്. 26/2/2016 തീയ്യതിയിലെ സ.ഉ.(പി) നം.28/2016/ധന ഉത്തരവിൽ ദിവസ വേതന/കരാർനിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് ധനവകുപ്പ് 11/01/2019 ൽ പുറപ്പെടുവിച്ച 03/2019/ധന സർക്കുലറിൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ മേൽ പ്രകാരമുള്ള താത്ക്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം താത്ക്കാലിക നിയമനങ്ങൾക്ക് അംഗീകാരം നേടുന്നതിനും, നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കും അധികാരികളുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 3-17 യാത്രബത്ത മുൻകൂർ നൽകിയത് യഥാസമയം ക്രമീകരിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ബഹു.നഗരസഭ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്ക് വിവിധ യാത്രകൾക്കായി യാത്രാബത്ത മുൻകൂർ അനുവദിച്ചിട്ടുണ്ട്. അഡ്വാൻസ് തുക അനുവദിച്ച താഴെ പറയുന്ന അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുകയോ, അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ എഴുതുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വൗച്ചർ നമ്പർ | ആവശ്യകത | കൈപ്പറ്റിയ ആൾ | തുക | |
|---|---|---|---|---|---|
| 1 | 21700127/ 24.4.17 | തിരുവനന്തപുരം യാത്ര (ലൈഫ് മിഷൻ സംബന്ധിച്ച മീറ്റിങ്ങിൽ പങ്കെടുക്കുവാൻ) | നഗരസഭ ചെയർപേഴ്സൺ | 2000 | - |
| 2 | 21700264/ 24.5.17 | തിരുവനന്തപുരം യാത്ര(ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർപേഴ്സൺ ജനറൽ ബോഡി യോഗം) | നഗരസഭ ചെയർപേഴ്സൺ | 1784 | - |
| 3 | 21700643/ | തിരുവനന്തപുരം യാത്ര | നഗരസഭ | 2084 | - |

| | | | | | | |
|---|---|---|---|---|---|---|
| | 23.8.17 | (ആഗസ്റ്റ് 24,25 തീയ്യതികളിൽ നടന്ന ഔദ്യോഗിക യോഗത്തിൽ പങ്കെടുക്കുവാൻ) | ചെയർപേഴ്സൺ | | | |
| 4 | 21700994/ 21.11.17 | തിരുവനന്തപുരം യാത്ര (തൈക്കാട് ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന യോഗത്തിൽ പങ്കെടുക്കുവാൻ) | നഗരസഭ ചെയർപേഴ്സൺ | 1784 | - | |
| 5 | 21701526/ 6.3.18 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ, വൈസ് ചെയർ പേഴ്സൺ | 1784 1784 | - | |
| 6 | 21701091/ 20.12.17 | തിരുവനന്തപുരം യാത്ര (വഴുതക്കാട്ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന യോഗത്തിൽ പങ്കെടുക്കുവാൻ ) | നഗരസഭ ചെയർപേഴ്സൺ | 1784 | - | |

കെ.എഫ്.സി ആർട്ടിക്കിൾ 88 പ്രകാരം യാത്രാബത്ത അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം-വെറ്ററിനറി സർജൻ

1.പ്രൊജക്റ്റ് നം-392/18- കന്നുകുട്ടി പരിപാലനം

വികസനഫണ്ട്-2,50,000/-

ട്രഷറി ബിൽ നം-1/30.1.18 തുക-2,50,000/-

ഗുണഭോക്താക്കളുടെ എണ്ണം -40

2. പ്രൊജക്റ്റ് നം.393/18 - കന്നുകുട്ടി പരിപാലനം

വികസന ഫണ്ട്-8,50,000/

ട്രഷറി ബിൽ നം.2/30.01.18 -8,50,000/-

ഗുണഭോക്താക്കളുടെ എണ്ണം - 68

മാരാത്തുകുന്ന് ക്ഷീരസഹകരണസംഘത്തിൽ 17 പേർക്കും, കുമരനെല്ലൂർ ക്ഷീരസഹകരണസംഘത്തിൽ 40 പേർക്കും, അമ്പലപുരം ക്ഷീരസഹകരണസംഘത്തിൽ 51 പേർക്കും 3/18 ൽ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണം ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക 11,00,000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

മാരാത്തുകുന്ന് ക്ഷീരസഹകരണസംഘത്തിലെ ഗുണഭോക്താവായ ശ്രീമതി.ജെസി സേവ്യർ, കുഴിത്തോട് ഹൗസ്, അകമല എന്നിവർ 7/18 ന ശേഷവും, അമ്പലപുരം ക്ഷീരസഹകരണ സംഘത്തിലെ ഗുണഭോക്താക്കളായ ആനി റാഫേൽ 8/18 ന ശേഷവും, തങ്കപ്പൻ, തൈവത്ത് എന്നവർ ഒറ്റ തവണയും തീറ്റ കൈപ്പറ്റിയിട്ടില്ല. (വിഹിതം അടവാക്കിയത് 12,500/- രൂപ വീതം ). മേൽ ഗുണഭോക്താക്കൾക്കു വേണ്ടി എസ്.എൽ.ബി.പിയിൽ അടവാക്കിയ വിഹിതം അഡ്ജസ്റ്റ് ചെയ്ത് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-19 പരുത്തിപ്ര സ്ക്കൂൾ ഡിജിറ്റലൈസേഷൻ-വാറണ്ടി പീരീഡ് അവസാനിക്കുന്നതിനു മുമ്പെ സ്മാർട്ട് ടി.വി ഉപയോഗശൂന്യമായി

പ്രൊജക്റ്റ് നം-324/18 (സ്പിൽ ഓവർ)

പ്രൊജക്റ്റ്-പരുത്തിപ്ര സ്കൂൾ ഡിജിറ്റലൈസേഷൻ

നിർവ്വഹണം- പ്രിൻസിപ്പാൾ, ഗവ.ജി.എച്ച്.എച്ച്.എസ്, വടക്കാഞ്ചേരി

ട്രഷറി ബിൽ നം-1/28.6.17 തുക- 2,47,860/-

പരുത്തിപ്ര സ്കൂൾ ഡിജിറ്റലൈസേഷന്റെ ഭാഗമായി തൃശ്ശൂർ കമ്പ്യൂട്ടർ സെന്റർ (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 0114/2017-18 തിയതി.11.5.17 പ്രകാരം കമ്പ്യൂട്ടർ-1, യു.പി.എസ്-1, ഇംപക്സ് എൽ.ഇ.ഡി ഗ്ലോറിയ 43 " ടിവി-2, ഇംപക്സ് എൽ.ഇ.ഡി ഗ്ലോറിയ 50 " ടിവി-2, (ഒരെണ്ണത്തിന്റെവില -31,353/- + ടാക്സ് ), ലെനോവ ലാപ് ടോപ്-1, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിരുന്നു. എന്നാൽ 19.5.19 തിയതിയിൽ സ്ഥലപരിശോധനയുടെ ഭാഗമായി പരുത്തിപ്ര സ്കൂൾ സന്ദർശിച്ചതിൽ ഇംപക്സ് എൽ.ഇ.ഡി ഗ്ലോറിയ 50 " ടിവി രണ്ടെണ്ണം ഉപയോഗിക്കാനാകാത്ത വിധത്തിൽ സ്കൂൾ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

ഇൻവോയ്സിലെ രേഖപ്പെടുത്തൽ പ്രകാരം മേൽ പറഞ്ഞ ഉപകരണത്തിന് 3 വർഷത്തെ വാറണ്ടി ഉള്ളതാണ്. ആയതിനാൽ വാറണ്ടി പിരീഡ് അവസാനിക്കുന്നതിനുള്ളിൽ ടി.വി റിപ്പയർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-20 പ്രൊജക്ടുകൾ യഥാ സമയം നടപ്പാക്കുന്നില്ല-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകേണ്ട സ്ഥിതി വിശേഷം സംജാതമാകുന്നു.

പ്രൊജക്ട് നം-322/18(വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ)

നിർവ്വഹണം-പ്രിൻസിപ്പാൾ, ജി.എച്ച്.എച്ച്.എസ്, വടക്കാഞ്ചേരി

2016-17 ൽ രൂപീകരിച്ച മേൽ പ്രൊജക്ടിൽ വിദ്യാർത്ഥികൾക്ക് മേശ, കസേര, പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്നിവ വിതരണം ചെയ്യലായിരുന്നു ലക്ഷ്യമിട്ടത്. എന്നാൽ 2016-17 ൽ പ്രൊജക്ട് നടപ്പാക്കാൻ സാധിക്കാത്തതിനാൽ 2017-18 ൽ സ്പിൽ ഓവറായി ഏറ്റെടുക്കുകയും 26 വിദ്യാർത്ഥികൾക്ക് മേശയും കസേരയും, 53 വിദ്യാർത്ഥികൾക്ക് സൈക്കിളും നൽകുകയുണ്ടായി.

2016-17 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചതിനാൽ സൈക്കിൾ ലഭിച്ച 56 വിദ്യാർത്ഥികളും പത്താംക്ലാസ് കഴിഞ്ഞവരായിരുന്നു. പത്താംക്ലാസ് വിദ്യാർത്ഥികൾക്കാണ് സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൈക്കിൾ ആനുകൂല്യത്തിന് അർഹത. പ്രൊജക്ട് യഥാസമയം നടപ്പാക്കാത്തതു മൂലം പ്രസ്തുത വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതുവഴി ഉദ്ദേശിച്ച പ്രയോജനം ലഭ്യമായോ എന്ന വസ്തുത പരിശോധിക്കപ്പെടേണ്ടതാണ്.

പദ്ധതികൾ ആവിഷ്കരിച്ച അതേ സാമ്പത്തികവർഷം തന്നെ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്പിൽ ഓവറാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-21 പി.എം.എ.വൈ -ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം പി.എം.എ.വൈ പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി ആദ്യഗഡു കൈപ്പറ്റിയതിനു ശേഷം നാളിതു വരെ തുടർ പ്രവർത്തനങ്ങൾ നടത്തി അടുത്ത ഗഡുക്കൾ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | ഡിവിഷൻ നം | കൈപ്പറ്റിയ തുക | ആദ്യഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|---|
| 1 | വത്സല.കെ.വി | 30 | 30000 | 9.11.17 |
| 2 | പ്രിൻസി.വി.ഡി | 30 | 30000 | 1.1.18 |
| 3 | റുക്കിയ | 36 | 30000 | 27.10.17 |
| 4 | ജിഷ.പി.സി | 41 | 30000 | 1.1.18 |
| 5 | രാധ.എം.എ | 7 | 30000 | 12.12.17 |
| 6 | കദീജ, പുത്തൻപീടികയിൽ | 8 | 30000 | 28.12.17 |
| 7 | ശിൽപ്പ.പി.പാലയ്ക്കൽ | 10 | 30000 | 27.10.17 |
| 8 | ദേവകി, പാലയ്ക്കൽ | 14 | 30000 | 12.12.17 |

ഭവനനിർമ്മാണത്തിന്റെ തുടർ നടപടികൾ സ്വീകരിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-22 പി.എം.എ.വൈ-ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല

വടക്കാഞ്ചേരി നഗരസഭയുടെ പി.എം.എ.വൈ പദ്ധതി നടത്തിപ്പിനായി കാനറാബാങ്ക് വടക്കാഞ്ചേരി ശാഖയിൽ അക്കൗണ്ട് (നം.0723101065717) ആരംഭിച്ച് കേന്ദ്ര സംസ്ഥാനവിഹിതം, നഗരസഭാ വികസനഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ നിക്ഷേപിച്ചിട്ടുണ്ട്. ആയതിൽ നിന്നും ചെക്ക് പ്രകാരമുള്ള തുകകൾ ഗുണഭോക്താക്കൾക്ക് അക്കൗണ്ട് ട്രാൻസ്ഫറായി അനുവദിക്കുകയാണ് ചെയ്തു വരുന്നത്. പി.എം.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പി.എം.എവൈയുടെ നാലാംഘട്ട പ്രൊജക്ടാണ് നിലവിൽ നഗരസഭയിൽ നടന്നുവരുന്നത്. 2017-18 സാമ്പത്തികവർഷം ഒന്നാംഘട്ടം, രണ്ടാംഘട്ടം പ്രൊജക്ടിലെ ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വ്യക്തിഗത ഫയലുകൾ തയ്യാറാക്കിയിട്ടില്ല.

2. നഗരസഭയിൽ ഏതെല്ലാം സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചാണ് പി.എം.എ വൈ പദ്ധതി നടപ്പാക്കിയത് എന്നതു സംബന്ധിച്ച് കൃത്യമായ രേഖകളൊന്നും തന്നെ ബന്ധപ്പെട്ടവർ സൂക്ഷിച്ചിട്ടില്ല.

3. അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്ന തുക ഏതെല്ലാം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നതെന്ന് രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല.

4. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

5. ഒരു വൗച്ചറിൽ ചെലവു കാണിക്കുന്ന തുക വടക്കാഞ്ചേരി മേഖലയ്ക്കും, മുണ്ടത്തിക്കോട് മേഖലയ്ക്കും രണ്ടു ചെക്കുകളായി പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ്മെന്റിൽ ആകെ തുക രേഖപ്പെടുത്താത്തതിനാൽ ചെക്ക് പ്രകാരം പിൻവലിച്ച തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഉദാ- വൗച്ചർ നം.21700942/9.11.17 പ്രകാരം മുണ്ടത്തിക്കോട് മേഖലയിലെ 41 ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതവും, വടക്കാഞ്ചേരി മേഖലയിലെ 37 ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതവും ഉൾപ്പെടെ ആകെ 23,40,000/- രൂപ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് ചെക്ക് പ്രകാരം പിൻവലിച്ച് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് ചെക്ക് നം.294003/9.11.17 പ്രകാരം 19,20,000/- രൂപയും, 294004/9.11.17 പ്രകാരം 4,20,000/- രൂപയുമാണ്. ബാങ്കിലേക്ക് നൽകുന്ന ഗുണഭോക്താക്കളുടെ വിവരങ്ങളിൽ ട്രാൻസ്ഫർ ചെയ്യുന്ന തുകകളുടെ ആകെ തുക രേഖപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ 2017-18 സാമ്പത്തികവർഷം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

# 3-23 നഗരസഭയിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങൾ -സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

വടക്കാഞ്ചേരി നഗരസഭയുടെ കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും നഗരസഭയുടെ അധീനതയിലുള്ള റോഡ്, കുളം എന്നിവയോട് ചേർന്ന ഭൂമി ചില വ്യക്തികൾ കൈയ്യേറിയതുമായി ബന്ധപ്പെട്ട ഏതാനും തീരുമാനങ്ങൾ രേഖപ്പെടുത്തി കാണുന്നു.

| | |
|---|---|
| തീരു.നം.4(1) തീ.19.10.17 | മംഗലം അയ്യപ്പൻകാവിന് സമീപം പഴയ മംഗലം പനങ്ങാട്ടുകര റോഡ് കയ്യേറ്റം സംബന്ധിച്ച മംഗലം ചക്കുപറമ്പിൽ കൃഷ്ണൻ എഴുത്തച്ഛൻ മകൻ വാസുദേവൻ എന്നവരുടെ അപേക്ഷ യോഗം ചർച്ച ചെയ്തു. ടി സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. |
| തീരു.12 തീ.19.10.17 | മങ്കര കാട്ടുകുളം കയ്യേറ്റം അളന്നുതിട്ടപ്പെടുത്തി അതിർത്തിക്കാലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പരിസരവാസികളുടെ പരാതി യോഗം ചർച്ചചെയ്തു. ടി കയ്യേറ്റം അളന്നുതിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി |
| തീരു.16 തീ.19.10.17 | ഓട്ടുപാറ സെന്ററിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി കയ്യേറ്റങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. |

പ്രസ്തുത തീരുമാനങ്ങളിൽനിന്നും നഗരസഭയിൽ നിക്ഷിപ്തമായ പൊതു സ്ഥലങ്ങളെ സംബന്ധിച്ച വ്യക്തമായ ധാരണ നഗരസഭക്കില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വടക്കാഞ്ചേരി നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ നഗരസഭയിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങളില്ല എന്ന് ഉറപ്പിക്കുവാനും ഭാവിയിൽ കൈയ്യേറ്റങ്ങളുണ്ടാകാതിരിക്കുവാനുമുള്ള നടപടികൾ 08.11.2018-ലെ സർക്കുലർ നം.സി2-15471/18-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി എടുക്കേണ്ടതാണ്.

# 3-24 പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കുന്നു - പരിഹാരനടപടികളെടുക്കേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് താഴെ പറയുന്ന 9 ഘട്ടങ്ങൾ അവലംബിക്കേണ്ടതുണ്ട്.

1. ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും രൂപീകരിക്കൽ
2. വികസനരേഖ തയ്യാറാക്കൽ
3. ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ
4. വികസന സെമിനാർ
5. വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ
6. പ്രൊജക്റ്റുകൾ തയ്യാറാക്കൽ
7. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം
8. പ്രൊജക്റ്റുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും
9. വാർഷിക പദ്ധതി നിർവ്വഹണവും മോണിട്ടറിങ്ങും

ആകെയുള്ള 9 ഘട്ടങ്ങളിൽ 8 ഘട്ടങ്ങളും പദ്ധതികളുടെ ആസൂത്രണവുമായും ശേഷിക്കുന്ന ഒരു ഘട്ടം നിർവ്വഹണവുമായി ബന്ധപ്പെട്ടതുമാണ്. ഇതിൽനിന്നും പദ്ധതി ആസൂത്രണത്തിന്റെ പ്രാധാന്യം വ്യക്തമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 40 പദ്ധതികളിൽ ആകെ നിർവ്വഹണം നടത്തിയത് 20 എണ്ണം മാത്രമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഒരു നേർ ചിത്രം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ അടങ്കൽ | 22,10,83,756 |
| ആകെ ചെലവ് | 1,25,68,843 |
| ചെലവഴിച്ച തുകയുടെ % | 5.69 |

| | പ്രൊജക്റ്റുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ എണ്ണം | % |
|---|---|---|---|
| സ്പിൽ ഓവർ | 13 | 8 | 62 |
| പുതിയത് | 27 | 12 | 30 |
| ആകെ | 40 | 20 | 50 |

നഗരസഭകൾക്കും കോർപ്പറേഷനുകൾക്കുമായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യത്തെ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(ii) -ൽ സ്പിൽഓവർ പ്രൊജക്റ്റുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും 62% സ്പിൽഓവർ പദ്ധതികൾമാത്രമാണ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തിയതിലെ കുറഞ്ഞ നിരക്ക് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41) ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി കൗൺസിൽ അംഗീകരിക്കുന്നതിലും ഗുണഭോക്താക്കൾ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതാ സാക്ഷ്യപത്രം ഹാജരാക്കുന്നതിൽ വരുന്ന കാലതാമസവും ആണ് കാരണമെന്ന മറുപടി നൽകുകയുണ്ടായി. എന്നാൽ ഇവയെല്ലാം തന്നെ തദ്ദേശഭരണസ്ഥാപനതലത്തിൽ തന്നെ പരിഹരിക്കാവുന്ന വിഷയങ്ങളാണെന്നിരിക്കെ പ്രസ്തുത മറുപടി സ്വീകാര്യമല്ല.

വിവിധ ആസൂത്രണ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഓരോ പദ്ധതിയും നിർവ്വഹണം നടത്താതെ ഉപേക്ഷിക്കപ്പെടുന്നു എന്നുള്ളത് നഗരസഭയുടെ പദ്ധതി ആസൂത്രണത്തിന്റെ ന്യൂനതയാണ് വെളിവാക്കുന്നത്. ഏറെ മനുഷ്യാധ്വാനം ചെലവഴിക്കുന്ന പദ്ധതി ആസൂത്രണം ഫലദായകമാക്കാനും ഇതിലൂടെ പഞ്ചായത്തിനു ലഭിക്കുന്ന പരിമിതമായ വിഭവങ്ങൾ വിവേകപൂർണ്ണമായി ചെലവഴിക്കുന്നതിനുമുള്ള ജാഗ്രത

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാവേണ്ടതുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥമേധാവികളുടെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 3-25 നഗരസഭവാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭയുടെ ചുമതലയിൽപ്പെട്ട KL-48-3027,KL-48F-777,KL-48-1691,KL-48G-6125 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്ക് ഓഡിറ്റിന് വിധേയമാക്കുകയും, ലോഗ്ബുക്ക് പരിപാലനത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായും കാണുന്നു.

1) ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2)ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

3)ജി.ഒ.(എം.എസ്)170/07തസ്വഭവ തി.30.6.2007 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ താഴെപറയുന്ന കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയിലായിരിക്കുന്നതാണ്.

ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെപറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

(എ) ലോഗ്ബുക്ക്,

(ബി)പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയലിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

(സി)ഡി.സി.ബി.രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ)

(ഡി) റിപ്പയർ രജിസ്റ്റർ

(ഇ) സ്റ്റോക്ക് രജിസ്റ്റർ

(എഫ് ) ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ.
മേൽപ്പറഞ്ഞ രജിസ്റ്ററുകൾ ഒന്നും തന്നെ നഗരസഭയിൽ പരിപാലിക്കപ്പെടുന്നില്ല. നിലവിലുള്ള സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിച്ചുകൊണ്ട് നഗരസഭയുടെ വാഹനങ്ങൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-26 മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

13- ാം പദ്ധതിമാർഗ്ഗരേഖയായ സ.ഉ.(എം.എസ്).നം. 79/2017/ ത.സ്വ.ഭ.വ / തിയതി 3.4.17 ലെ ഖണ്ഡിക 8.3(15) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ ആയി തുക നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതും അതു പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനം പ്രൊജക്ട് തയ്യാറാക്കേണ്ടതുമാണ്. പ്രൊജക്ടിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെയാണ് തൻവർഷം പ്രവൃത്തികൾക്കായി നിർവ്വഹണഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ഭൂജലവകുപ്പിൽ തുക മുൻകൂർ ആയി നിക്ഷേപിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര് | നിക്ഷേപിച്ച തുക₹ | അപാകതകൾ |
|---|---|---|---|
| 1. | 146/18,<br>അരവൂർ ശാന്തിനഗർ കുടിവെള്ളപദ്ധതി പുനരുദ്ധാരണം | ട്ര.ബി.നം. 29/24.1.18; ₹700000 | ഭൂജലവകുപ്പിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ഏത് സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്നോ ഏതു വർഷത്തെ നിരക്കനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്നോ കാണിച്ചിട്ടില്ല. ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | (വകയിരുത്തിയ തുക-₹700000-ധനകാര്യകമ്മീഷൻ അവാർഡ്) | | ഭൂജലവകുപ്പിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 2. | 148/18, എസ്.എൻ.റോഡ് കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹300000-ധനകാര്യകമ്മീഷൻ അവാർഡ്) | ട്ര.ബി.നം. 28/24.1.18; ₹300000 | ഭൂജലവകുപ്പിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ഏത് സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്നോ ഏതു വർഷത്തെ നിരക്കനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്നോ കാണിച്ചിട്ടില്ല. ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| 3. | 84/18, എസ്.സി. കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം (വകയിരുത്തിയ തുക-₹3080000-വികസനഫണ്ട് എസ്.സി.പി.) | ട്ര.ബി.നം. 44/27.3.18; ₹3080000 | ഭൂജലവകുപ്പിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ഏത് സ്പെസിഫിക്കേഷൻ അനുസരിച്ചാണെന്നോ ഏതു വർഷത്തെ നിരക്കനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്നോ കാണിച്ചിട്ടില്ല. ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. ഭൂജലവകുപ്പിൽ നിന്നും കൈപ്പറ്റുരശീതി ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 4. | 419/18, സമൃദ്ധ കുടിവെള്ളപദ്ധതി നവീകരണം (വകയിരുത്തിയ തുക-₹50000-ധനകാര്യകമ്മീഷൻ അവാർഡ്, ₹16000-തനത് ഫണ്ട്) | ട്ര.ബി.നം. 45(2)/26.3.18; ₹50000 ₹16000-തനത് ഫണ്ട് | " |
| 5. | 400/18, പരുത്തിപ്ര കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹358000-റോഡിതര സംരക്ഷണഗ്രാന്റ്, ₹242000-തനത് ഫണ്ട്) | ട്ര.ബി.നം. 45(1)/26.3.18; ₹358000 ₹242000-തനത് ഫണ്ട് | " |
| 6. | 401/18, സുഭിക്ഷ കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹358000-റോഡിതര സംരക്ഷണഗ്രാന്റ്, ₹188000-തനത് ഫണ്ട്) | ട്ര.ബി.നം. 47/26.3.18; ₹200000 | " |
| 7. | 399/18, കിള്ളിയത്ത് ചിറ കുടിവെള്ളപദ്ധതി (വകയിരുത്തിയ തുക-₹200000-ധനകാര്യകമ്മീഷൻ അവാർഡ്, ₹80000-തനത് ഫണ്ട്) | ട്ര.ബി.നം. 46/26.3.18; ₹200000 ₹70000-തനത് ഫണ്ട് | " |
| 8. | 231/17,295/18 24x7 കുടിവെള്ള വിതരണം ബ്ലൂ ബ്രിഗേഡ് (വകയിരുത്തിയ തുക-5000000) | വൗ.നം. 21701469/ 25.1.18; ₹2589951 | 50 ലക്ഷം രൂപ വകയിരുത്തിയ ഈ പ്രൊജക്ടിൽ 2016-17 ൽ 2410049 രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. അതിന്റെ തുടർച്ചയായി തൻവർഷം തനത് ഫണ്ടിൽ നിന്നും ₹2589951 ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തൻ വർഷം 11 കുടിവെള്ളപദ്ധതികളുടെ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. മാത്രമല്ല 50 ലക്ഷം രൂപക്കുള്ള എസ്റ്റിമേറ്റും തയ്യാറാക്കപ്പെട്ടിട്ടില്ല. ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | | | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| ആകെ | | 7805951 | |

മേൽ വിവരിച്ച പ്രകാരം തൻവർഷം 78,05,951 രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-17 ൽ 78,90,140 രൂപ നിക്ഷേപിച്ചിരുന്നു. നാളിതുവരെ ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുക, വിനിയോഗസാക്ഷ്യപത്രം ലഭിച്ച തുക, പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ, ഭൂജലവകുപ്പിൽ ബാക്കി നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ/രജിസ്റ്റർ നഗരസഭ ലഭ്യമാക്കിയില്ല. വാർഷികകണക്കിന്റെ ബി-18 ഷെഡ്യൂളിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത തുക മുൻകൂറായി കാണിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

എസ്.എൻ.റോഡ് കുടിവെള്ളപദ്ധതി, അരവൂർ ശാന്തിനഗർ കുടിവെള്ളപദ്ധതി എന്നിവയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ് ഭൂജലവകുപ്പ് നൽകിയിട്ടുണ്ട്. എന്നാൽ തുക നിക്ഷേപിക്കുന്നതിനായി ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ എസ്റ്റിമേറ്റിലെ ഇനങ്ങൾ പലതും ഫൈനൽ ബില്ലിൽ മാറിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന നിരക്കുകളേക്കാൾ കൂടിയ നിരക്കാണ് ഫൈനൽ ബില്ലിൽ കണക്കാക്കിയിരിക്കുന്നത്. നിർമ്മാണ ചെലവ് എസ്റ്റിമേറ്റ് തുകയിലും അധികമാകുകയാണെങ്കിൽ ആയതിനായുള്ള വിശദമായ പുതുക്കിയ എസ്റ്റിമേറ്റ് നഗരസഭക്ക് നൽകുകയോ ഭരണസമിതി അംഗീകാരം നേടുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/16.5.19 ന് ലഭിച്ച മറുപടിയിൽ മേൽ അപാകതകൾ ഭൂജലവകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നത് വരെ 78,05,951 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-27 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ
1. പ്രൊജക്റ്റ് നം. : 229/17,293/18 (സ്പിൽ ഓവർ)

കരാറുകാരൻ : ശ്രീ.സി.എഫ്.ഷൈജു
വകയിരുത്തിയ തുക : 21,10,000(ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവഴിച്ച തുക : ട്ര.ബി.നം. 28/15.3.17 ;₹10,00,000

ട്ര.ബി.നം. 9/ 31.7.17; ₹86,930

ട്ര.ബി.നം. 10/ 31.7.17;₹3,62,310

ട്ര.ബി.നം. 12/ 25.8.17;₹3,62,310

ട്ര.ബി.നം. 17/ 28.9.17;₹2,98,450

21,10,000

2. പ്രൊജക്റ്റ് നം. : 274/18

കരാറുകാരൻ : ശ്രീ.സി.എഫ്.ഷൈജു
വകയിരുത്തിയ തുക : 25,00,000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : വൗ.നം. 21701467/ 25.1.18; ₹3,55,064

വൗ.നം. 21701468/ 25.1.18; ₹7,246

വൗ.നം. 21701698/ 13.3.18; ₹3,55,064

വൗ.നം. 21701699/ 13.3.18; ₹7,246

വൗ.നം. 21701710/ 27.3.18; ₹3,55,064
വൗ.നം. 21701711/ 27.3.18; ₹7,246

വൗ.നം. 21701235/ 17.11.17; ₹7,73,988

വൗ.നം. 21701234/ 17.11.17; ₹14,492

വൗ.നം. 21701245/ 30.12.17; ₹3,55,064

വൗ.നം. 21701246/ 30.12.17; ₹7,246

22,37,720

വടക്കാഞ്ചേരി നഗരസഭയിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 2016-17 വർഷത്തിൽ ആരംഭിച്ച പ്രൊജക്ടാണ് മേൽ പറഞ്ഞതിൽ ഒന്നാം ക്രമനമ്പറായി ചേർത്തിരിക്കുന്നത്. ₹21,10,000 അടങ്കൽ നിശ്ചയിച്ചിരുന്ന ഈ പ്രവൃത്തി ഇ-ടെണ്ടർ നടത്തുകയും ശ്രീ. കെ.ഒ.ചാക്കുണ്ണി 22,49,900 രൂപക്കും ശ്രീ.സി.എഫ്. ഷൈജു 28,31,550 രൂപക്കും ടെണ്ടർ സമർപ്പിക്കുകയുണ്ടായി. ശ്രീ. കെ.ഒ.ചാക്കുണ്ണി മറ്റൊരാളുടെ പേരിലുള്ള ലൈസൻസാണ് സമർപ്പിച്ചിരുന്നതെന്നതിനാലും പ്രാഥമിക കരാറിൽ ഒപ്പുവച്ചിരുന്നില്ലെതിനാലും അദ്ദേഹത്തിന്റെ ടെണ്ടർ നിരസിച്ചു. നെഗോസിയേഷൻ നടത്തിയതിൽ ശ്രീ. ഷൈജു ടെണ്ടർ നിരക്കുകളിൽ ( ഒറ്റത്തവണ മെയിന്റനൻസ്) കുറവ് വരുത്തുകയും ആന്വൽ മെയിന്റനൻസ് കരാറിന് പുതിയ നിരക്ക് അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷൈജുവുമായി തെരുവ് വിളക്കുകളുടെ 12 മാസത്തേക്കുള്ള ആന്വൽ മെയിന്റനൻസിന് 7.3.17 ൽ കരാറിലേർപ്പെടുകയും (കരാർ നം.10/AE/LSGD/WKY/2016-17) ₹10,00,000 രൂപ മുൻകൂർ നൽകുകയും ചെയ്തു. 12 മാസത്തെ കരാറിന് പ്രൊജക്ടിൽ വകയിരുത്തിയ തുക തികയാതെ വന്നപ്പോൾ തനത് ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വകയിരുത്തി 2017-18 ൽ പുതിയ പ്രൊജക്ടിന് അംഗീകാരം വാങ്ങി.

മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വടക്കാഞ്ചേരി നഗരസഭയുടെ അധീനതയിൽ വരുന്ന തെരുവ് വിളക്കുകളുടെ ഇനം, തരം, എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. ആയതിനാൽ കരാറിലേർപ്പെട്ട തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ കൃത്യത ഉറപ്പാക്കാനാവില്ല.

2. സാങ്കേതികമായി ശ്രീ.കെ.ഒ.ചാക്കുണ്ണിയുടെ ടെണ്ടറിന് അപാകതയുണ്ടെങ്കിൽ സിംഗിൾ ടെണ്ടറാണ് ലഭിച്ചതെന്ന് കണക്കാക്കി റീടെണ്ടർ ചെയ്യേണ്ടതായിരുന്നു. എന്നാൽ റീടെണ്ടർ ചെയ്തിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള അദ്ദേഹത്തിന്റെ ടെണ്ടർ നിരസിച്ചതിന്റേയും ശ്രീ. ഷൈജുവിന്റെ ടെണ്ടർ അംഗീകരിച്ചതിന്റേയും ഭരണസമിതി തീരുമാനം ഫയലിലില്ല.

3. ടെണ്ടർ നോട്ടീസിൽ ഒറ്റത്തവണ അറ്റക്കുറ്റപ്പണിക്കാണോ വാർഷികപരിപാലനത്തിനാണോ ടെണ്ടർ ക്ഷണിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷൈജു നൽകിയ കത്തിൽ ഒറ്റത്തവണ നിരക്കുകളും വാർഷികപരിപാലന നിരക്കുകളും രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷികപരിപാലന നിരക്കുകൾ ടെണ്ടർ നിരക്കുകളേക്കാൾ കൂടുതലാണ്. ടെണ്ടർ ക്ഷണിച്ചതിന്റെ ലക്ഷ്യത്തിൽ നിന്നും വ്യത്യസ്തമായി കൂടിയ നിരക്കിൽ വാർഷികപരിപാലനത്തിനാണ് കരാർ വെച്ചത്. തന്മൂലം വകയിരുത്തിയ തുക തികയാതെ വരികയും 25 ലക്ഷം വകയിരുത്തി പുതിയ പ്രൊജക്ട് തയ്യാറാക്കേണ്ടിയും വന്നു. ഏതുതരം അറ്റകുറ്റപ്പണിയാണ് ചെയ്യേണ്ടതെന്ന് മുൻകൂട്ടി തീരുമാനിച്ച് അതിനനുസരിച്ച് അടങ്കൽ നിശ്ചയിച്ച് ടെണ്ടർ നടത്തിയിരുന്നെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിതമായ നിരക്കുകൾ ലഭിക്കുമായിരുന്നു.

4. 2016-17 വർഷത്തേക്ക് ബാധകമായ 12 ാം പദ്ധതിയുടെ ആസൂത്രണ-സബ്സിഡി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്).നം. 4/2016/ തസ്വഭവ / തിയതി.11.1.16 ലെ ഖണ്ഡിക 6.15(X)(എ) പ്രകാരം പദ്ധതിയിൽ ഉൾപ്പെടുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി മുൻകൂർ നൽകൽ ധനകാര്യവകുപ്പിന്റെ 12.4.2006 ലെ 177/2006/ഫിൻ എന്ന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അതിൽ പറഞ്ഞ ഇനങ്ങൾക്കും മാത്രമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 12.4.2006 ലെ 177/2006/ഫിൻ എന്ന ഉത്തരവിലെ ഖണ്ഡിക 6.2 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ, ഗുണഭോക്തൃസമിതി പ്രവൃത്തികൾ, തൊഴിൽരഹിത വേതനം, സാമൂഹ്യക്ഷേമപെൻഷനുകൾ, നിർമ്മിതികേന്ദ്രം, കോസ്റ്റ് ഫോഡ്, യൂണിവേഴ്സിറ്റികൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ നൽകുന്ന സേവനങ്ങൾക്ക് നല്കേണ്ട പ്രതിഫലം, ഭവനനിർമ്മാണപദ്ധതി പോലെയുള്ള ഗുണഭോക്തൃ പദ്ധതികൾ, സർക്കാർപ്രത്യേക ഉത്തരവ് മുഖേന അനുവദിക്കുന്നവ എന്നിവക്ക് മാത്രമേ മുൻകൂർ ആയി തുക അനുവദിക്കാവൂ. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെ എ.എം.സി. ഏറ്റെടുത്ത കരാറുകാരന് 10 ലക്ഷം രൂപ മുൻകൂർ അനുവദിച്ചു.
5. കരാറിലെ 4ാമത്തെ വ്യവസ്ഥയിൽ കരാറുകാരൻ മെയിന്റനൻസ് ജോലികൾ ചെയ്യുന്നതിന് വേണ്ടി വരുന്ന പ്രാരംഭചെലവുകളിലേക്ക് മൊത്തം മെയിന്റനൻസ് തുകയുടെ 25 ശതമാനം തുക മുൻകൂറായി നൽകേണ്ടതാണെന്ന് പറയുന്നു. 5&6 വ്യവസ്ഥകളിൽ ജോലി ആരംഭിച്ച് ഒരു മാസം തികയുന്ന മുറക്ക് മൊത്തം മെയിന്റനൻസ് തുകയുടെ 20 ശതമാനം തുക കരാറുകാരന് നൽകണമെന്നും തുടർന്നു വരുന്ന 11 മാസങ്ങളിൽ ഓരോ മാസത്തേയും അവസാനപ്രവൃത്തി ദിവസം മൊത്തം മെയിന്റനൻസ് തുകയുടെ 5 ശതമാനം വീതം കരാറുകാരന് നൽകേണ്ടതാണെന്നും പറയുന്നു. മേൽ പറഞ്ഞ വ്യവസ്ഥകൾ തെരുവ് വിളക്കുകളുടെ പരിപാലനം(റിപ്പയറിംഗും മെയിന്റനൻസും) ടെണ്ടറിലൂടെ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തിയതി. 15.9.11 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സർക്കുലറിലെ ഖണ്ഡിക 2(എഫ്) പ്രകാരം ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറക്ക് മൂന്നുമാസം കൂടുമ്പോൾ നൽകണമെന്നാണ് പറയുന്നത്. മാത്രമല്ല സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾക്കനുസരിച്ച് കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.
6. സർക്കുലറിൽ നിർദ്ദേശിച്ചതുപോലെ കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
7. പൊതുജനങ്ങളുടെ പരാതിയുടെ സമയം,തിയതി,പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം എന്നിവ സംബന്ധിച്ച ഒരു രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ തദ്ദേശഭരണസ്ഥാപനത്തിലോ വൈദ്യുതി ബോർഡിന്റെ ഓഫീസിലോ സൂക്ഷിക്കണമെന്ന് സർക്കുലറിൽ പറയുന്നു. എന്നാൽ ഇത്തരം രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/17.5.2019 ന് നൽകിയ മറുപടിയിൽ കരാറുകാരന് മുൻകൂർ നൽകിയ ക്രമീകരിച്ചതിന് ശേഷമാണ് ബാക്കി തുക നൽകിയിരിക്കുന്നതെന്നും കരാറിലെ നിലവിലെ വ്യവസ്ഥകൾ റദ്ദ് ചെയ്ത് പുതുക്കിയ വ്യവസ്ഥകൾ ഉൾപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.

നഗരസഭയുടെ അനിവാര്യചുമതലയിൽ വരുന്ന തെരുവ് വിളക്കുകളുടെ പരിപാലനം ആദായകരമായും കാര്യക്ഷമതയോടെയും ഫലപ്രദമായും നടപ്പാക്കാൻ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-28 പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗവും

# പ്രൊജക്ട് നിർവ്വഹണവും

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് ₹ | നടപ്പാക്കിയത് / ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 215 | 67 | 31 |
| തുക | 106362661 | 31631594 | 30 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 31 %പ്രൊജക്ടുകളിൽ മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 30% തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

കോസ്റ്റ് ഇൻഡക്സിൽ കുറവ് വന്നത് നിമിത്തം സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റുകൾ ടെണ്ടർ ചെയ്യാൻ താമസം നേരിട്ടത്, കരാറുകാരുടെ ബഹിഷ്കരണം, പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രവൃത്തി നടത്തേണ്ട സ്ഥലം ലഭ്യമാക്കാൻ കാലതാമസം നേരിട്ടത്, ടെണ്ടർ നോട്ടീസ് തയ്യാറാക്കി നൽകിയിട്ടും പത്രത്തിൽ പരസ്യം ചെയ്യാൻ നഗരസഭയുടെ ഭാഗത്ത് നിന്നും കാലതാമസം നേരിട്ടത് മൂലം ടെണ്ടർ ചെയ്യാൻ കാലതാമസം നേരിട്ടത് എന്നിവയാണ് കുറഞ്ഞ ധനവിനിയോഗത്തിന് കാരണമായി മുനിസിപ്പൽ എഞ്ചിനീയർ ചൂണ്ടിക്കാണിച്ചത്. മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.26/17.5.2019)

# 3-29 മരാമത്ത് പ്രവൃത്തികളിലെ സേവന നികുതി അടച്ചിട്ടില്ല

**2016-17 ൽ** ആരംഭിച്ചതും സേവന നികുതി എസ്റ്റിമേററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഏതാനും പ്രവൃത്തികളുടെ ബിൽ തൻവർഷം നൽകിയിട്ടുണ്ട്. ഇപ്രകാരം ബിൽ നൽകുമ്പോൾ സേവന നികുതി തുക നഗരസഭയുടെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. മെയിന്റനൻസ് പ്രവൃത്തികൾക്ക് പ്രവൃത്തിമൂല്യത്തിന്റെ 60 ശതമാനത്തിന്റെ 15 % വും (ആകെ പ്രവൃത്തിമൂല്യത്തിന്റെ 10.5%) വും ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തിമൂല്യത്തിന്റെ 40 ശതമാനത്തിന്റെ 15 % ( ആകെ പ്രവൃത്തിമൂല്യത്തിന്റെ 6 %) വുമാണ് സേവന നികുതിയായി അടവാക്കേണ്ടത്. എന്നാൽ ഈ തുക അടവാക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതായാണ് കാണുന്നത്.

സേവനനികുതി താത്ക്കാലികമായി നഗരസഭയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും കരാറുകാർ സേവനനികുതി അടച്ചതിന്റെ രശീത്/ ചലാൻ ഹാജരാക്കുന്ന മുറക്ക് തുക മാറി നൽകുകയുമാണ് ചെയ്തുവന്നിരുന്നത് എന്നും സേവനനികുതി അടച്ചതിന്റെ രശീതി ഹാജരാക്കാത്ത കരാറുകാരുടെ തുകയാണ് അക്കൗണ്ടിൽ സൂക്ഷിച്ചുവരുന്നതെന്നും മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. സേവനനികുതി അടച്ച് രശീതികൾ/ചലാൻ ഹാജരാക്കാത്ത കരാറുകാരുടെ പേരിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.26/17.5.2019)

# 3-30 ടാർ,എമൽഷൻ എന്നിവക്കായി അടച്ച തുകയുടെ ബാക്കി തുക ലഭ്യമായില്ല

2016-17ലെ പ്രൊജക്ടുകൾക്കായി ടാർ,എമൽഷൻ എന്നിവ ലഭ്യമാകുന്നതിനായി 8,62,940 രൂപ എച്ച്.പി.സി.എൽ, ഹിന്ദുസ്ഥാൻ കോളാസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. 115 ബാരൽ VG 30 ബിറ്റുമിൻ, 12ബാരൽ SS 1 എമൽഷൻ, 10 ബാരൽ RS 1 എമൽഷൻ എന്നിവ വാങ്ങുന്നതിനാണ് തുക നൽകിയിരിക്കുന്നത്. മുഴുവൻ ഇനങ്ങളും 2016-17,2017-18 വർഷങ്ങളിലായി നഗരസഭയിൽ ലഭ്യമായിട്ടുണ്ട്. ഇൻവോയ്സുകൾ പ്രകാരം ഇവയുടെ ആകെ വില 8,38,451 രൂപയാണ്. ബാക്കി തുകയായ 24,489 രൂപ (862940-838451) മേൽ സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.26/17.5.2019)

# 3-31 ടെണ്ടർഫോമിന്റെ വില നഗരസഭക്ക് ലഭ്യമായില്ല

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് നഗരസഭയായതിനു ശേഷം ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർഫോറത്തിന്റെ വില നഗരസഭ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ്.ബി.ടി യിലുള്ള 67327267026 എന്ന അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ

ഫോറത്തിന്റെ വിലയിനത്തിൽ 2017-18 ൽ ഈ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതിന്റേയും നഗരസഭ സെക്രട്ടറിക്ക് കൈമാറിയ തുകയുടേയും 31.3.18 ൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമായില്ല. അക്കൗണ്ടിന്റെ പാസ്സ് ബുക്ക് ഹാജരാക്കിയെങ്കിലും ആയതിലെ രേഖപ്പെടുത്തലുകൾ അവ്യക്തമായിരുന്നു. ടെണ്ടർ ഫോറത്തിന്റെ വില നഗരസഭയുടെ തനത് വരുമാനമായതിനാൽ ഈയിനത്തിൽ ലഭിച്ച തുക നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്. നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതും മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തുക നഗരസഭക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.40/21.5.2019)

# 3-32 ഡിപ്പാർട്ട്മെന്റ് സപ്ളൈ ആയി നൽകിയ ബിറ്റുമിൻ, എമൽഷൻ എന്നിവയുടെ വില ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം. : 224/17, 364/18 (സ്പിൽ ഓവർ)

പ്രൊജക്ടിന്റെ പേര് : വടക്കാഞ്ചേരി സർക്ക്യൂട്ട് റോഡ് മെയിന്റനൻസ്

കരാറുകാരൻ : ശ്രീ.സോയി അലക്സാണ്ടർ
കരാർ നമ്പർ : 25/AE/LSGD/WKY/17-18/30.3.17

വകയിരുത്തിയ തുക : 1208457(റോഡ് സംരക്ഷണഗ്രാന്റ് )

ചെലവഴിച്ച തുക : 2016-17 (ടാർ വാങ്ങുന്നതിന് ചെലവഴിച്ച തുക) ;₹1,91,915/-

ട.ബി.നം. 13/27.9.17 ;₹5,07,233/-
ട.ബി.നം. 59/31.3.18 ;₹4,84,339/-
₹11,83,487/-
അളവ് പുസ്തകം : 101/2015-16

ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 9,91,572/- രൂപയായിരുന്നു. പ്രവൃത്തിക്കായി 426.93 കി.ഗ്രാം. എസ്.എസ്.1 എമൽഷനും 286.15 കി.ഗ്രാം. ആർ.എസ്. 1 എമൽഷനും 2606.63 കി.ഗ്രാം. ബിറ്റുമിൻ വി.ജി.30 യും നഗരസഭ വാങ്ങി നൽകിയിരുന്നു. വാങ്ങി നൽകിയ ടാറിന്റേയും എമൽഷന്റേയും വിപണിവില സർക്കുലർ നം.114/ഡി.എ.1/2017/തസ്വഭവ /27.2.17 പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. എന്നാൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കരാറുകാരന് നൽകേണ്ടത്

ആകെ പ്രവൃത്തിമൂല്യം : 9,91,572/-

കുറക്കുക:-

(നൽകിയ ടാർ/എമൽഷൻ വില)

SS1 426.93@64.68 : 27613.83

RS1 286.15@36.23 : 10367.21

VG 30 2606.63@34.06 : 88781.82

കടത്ത് കൂലി 21ബാരൽ@229.93 : 4828.53

ബാരലിന്റെ വില 21@250 : 5250

ആദായ നികുതി(1%) : 9916

തൊഴിലാളി ക്ഷേമനിധി വിഹിതം : 9916

കരാറുകാരന് നൽകേണ്ട തുക : 834898.6

കരാറുകാരന് നൽകിയത്

ആകെ പ്രവൃത്തിമൂല്യം : 9,91,572

കുറക്കുക:-

ആദായ നികുതി(1%) : 9916

തൊഴിലാളി ക്ഷേമനിധി വിഹിതം : 9916

കരാറുകാരന് നൽകിയത് : 971740

മേൽ പ്രകാരം കരാറുകാരന് അധികം നൽകിയ 1,36,841 രൂപ (971740- 834898.6) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനിൽ നിന്നും മേൽ പറഞ്ഞ തുക ഈടാക്കാൻ വിട്ടുപോയതാണെന്നും ആയത് തിരികെ ഈടാക്കാൻ കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.31/20.5.2019)

# 3-33 ജി.എസ്.ടി.കോംപൻസേഷൻ നൽകിയ പ്രവൃത്തി -കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം. : 302/17, 300/18 (സ്പിൽ ഓവർ)

പ്രൊജക്ടിന്റെ പേര് : കിണറാമാക്കൽ മുക്കിലക്കാട് റോഡ് റീടാറിംഗ്

കരാറുകാരൻ : ശ്രീ.വി.അശോകൻ

കരാർ നമ്പർ : 18/AE/LSGD/WKY/16-17/16.3.17

അളവ് പുസ്തകം : 16/2016-17

ചെലവഴിച്ച തുക : 2016-17; ₹91,342

2017-18; ₹1,88,658

ഈ പ്രവൃത്തിയുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച പ്രവൃത്തിമൂല്യം 2,61,737/- രൂപയാണ്. അതോടൊപ്പം 5% ജി.എസ്.ടി. കോംപൻസേഷൻ (13017) കൂട്ടി ചേർത്ത് 27,824/- രൂപ കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഇപ്രകാരം ജി.എസ്.ടി. കോംപൻസേഷൻ നൽകുമ്പോൾ കരാറുകാരൻ ജി.എസ്.ടി. സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ജി.എസ്.ടി. കോംപൻസേഷൻ ഇനത്തിൽ നൽകിയ 13017 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.31/20.5.2019)

# 3-34 സ്പിൽഓവർ പ്രൊജക്ട് തയ്യാറാക്കാത്തതുമൂലം കൺവീനർക്ക് അന്തിമ ബിൽ തുക നൽകാൻ കാലതാമസം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം. : 112/13, 85/14, 173/15, 395/18

പ്രൊജക്ടിന്റെ പേര് : ജനസേവനകേന്ദ്രം

കൺവീനർ : ശ്രീ.രാധാകൃഷ്ണൻ

കരാർ നമ്പർ : 30/26.11.13

അളവ് പുസ്തകം : 235/13-14, 319/14-15

ചെലവഴിച്ച തുക : 2012-13; ₹50,000

2013-14; ₹1,02,349

ട.ബി.നം.18/13.11.17;₹47,542

2012-13 ൽ 2,00,000 രൂപ ലോകബാങ്ക് ധനസഹായത്തിൽ നിന്നും വകയിരുത്തി ആരംഭിച്ച പ്രൊജക്ടാണിത്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ജനസേവാകേന്ദ്രങ്ങളുടെ നവീകരണമാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നത്. 2012-13 ൽ 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസും 2013-14 ൽ 1,02,349 രൂപ ഒന്നാം പാർട്ട് ബിൽ ആയി നൽകിയിട്ടുണ്ട്. 2014-15 ലെ സ്പിൽ ഓവർ പ്രൊജക്ട് നമ്പർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു ശേഷം 2017-18 ലെ പ്രൊജക്ടാണ് ഫയലിലുള്ളത്. അതനുസരിച്ച് ലോകബാങ്ക് ധനസഹായത്തിൽ നിന്നും 47651 രൂപ വകയിരുത്തുകയും 47542 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തി സ്പിൽഓവർ ആയി ഉൾപ്പെടുത്താൻ വിട്ടുപോയത് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് 2017-18 ൽ ഈ പ്രൊജക്ട് ഉൾപ്പെടുത്തിയതും കൺവീനർക്ക് ഫൈനൽ ബിൽ തുക നൽകിയതുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വാർഷികപദ്ധതി തയ്യാറാക്കുമ്പോൾ മുൻവർഷം നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ച പ്രൊജക്ടുകൾ, പണിപൂർത്തിയാക്കി തുക നൽകാനുള്ള പ്രൊജക്ടുകൾ, പാർട്ട് ബിൽ നൽകിയ പ്രൊജക്ടുകൾ തുടങ്ങിയവ സ്പിൽഓവർ ആയി ഉൾപ്പെടുത്തേണ്ടതായിരുന്നു. മേൽ പ്രൊജക്ട് സ്പിൽഓവർ ആയി ഉൾപ്പെടുത്താൻ വിട്ടുപോയ സാഹചര്യത്തിൽ ഇത്തരത്തിൽ വിട്ടുപോയ പ്രൊജക്ടുകൾ ഇനിയുമുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.31/20.5.2019)

# 3-35 പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം സംഭവിച്ചതിനാൽ ലോകബാങ്ക് ധനസഹായം നഷ്ടമായി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം. : 384/18

പ്രൊജക്ടിന്റെ പേര് : കുമ്പളങ്ങാട് മാലിന്യയാർഡിന് ചുറ്റുമതിലും ഭൗതികസാഹചര്യം മെച്ചപ്പെടുത്തലും

വകയിരുത്തിയ തുക : 2081308(ലോകബാങ്ക് സഹായം)

ഏജൻസി : കോസ്റ്റ്ഫോഡ്
കരാർ നമ്പർ : 12/20161-17/7.1.17

ചെലവഴിച്ച തുക : 2016-17; ₹13,87,538

ട.ബി.നം.11/22.8.17;₹6,93,769

ട.ബി.നം.14/27.9.17;₹6,93,769

കോസ്റ്റ്ഫോഡുമായി ഏർപ്പെട്ട കരാറിലെ 10ാമത്തെ വ്യവസ്ഥ സ്ഥലം കൈമാറിയതിനും ആദ്യ തവണ തുക നൽകിയതിനും ശേഷം 7 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുന്നതും 2 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതുമാണ് എന്നായിരുന്നു. ഒന്നാമത്തെ തവണ തുകയായ 6,93,769 രൂപ 30.1.17 ന് കോസ്റ്റ്ഫോഡിന് നൽകിയിട്ടുണ്ട്. 31.3.2018 വരെ 27,75,076 രൂപ കോസ്റ്റ്ഫോഡിന് നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തുക 36,47,527 രൂപയാണ്. ആയതിന് സാങ്കേതിക അനുമതി ലഭിച്ചതായി കാണുന്നില്ല. കോസ്റ്റ്ഫോഡ്/1182/wcky/2016 dt.24.4.2018 പ്രകാരം കോസ്റ്റ്ഫോഡ് 36,47,527 രൂപയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. എങ്കിലും ഫൈനൽ ബിൽ തുക നൽകിയതായി കാണുന്നില്ല.

വരൾച്ച മൂലം വെള്ളം ലഭിക്കാൻ ബുദ്ധിമുട്ട് നേരിട്ടതിനാൽ പ്രവൃത്തി ആരംഭിക്കാൻ താമസം നേരിട്ടതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഫൈനൽബിൽ സമർപ്പിക്കുന്ന സമയത്ത് ലോകബാങ്ക് പദ്ധതി അവസാനിക്കുകയും തന്മൂലം ബാക്കി ബിൽതുക നൽകാൻ സാധിക്കാതെ വന്നതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ പറയുന്നു.

തൻവർഷം കരാറിൽ വ്യവസ്ഥചെയ്തിരുന്ന പൂർത്തീകരണതിയതിക്കകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതിരുന്നത് കൊണ്ടാണ് ലോകബാങ്ക് ഫണ്ട് നഷ്ടമായത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം തൻവർഷം ലോകബാങ്ക് ഫണ്ടിനത്തിൽ 5,65,000/- രൂപ ലാപ്സായിട്ടുണ്ട്. പൂർത്തീകരണകാലാവധി ദീർഘിപ്പിച്ച് നൽകിയതിന് ഭരണസമിതി തീരുമാനം ലഭ്യമായിട്ടില്ല. ലോകബാങ്ക് ധനസഹായം നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ ജാഗ്രത ഈ പ്രൊജക്ടിൽ പുലർത്തിയില്ലെന്ന് കാണുന്നു.

(ഓഡിറ്റ് എൻക്വയറി നം.31/20.5.2019)

# 3-36 വൈദ്യുതി ബോർഡിൽ തുക അടക്കാത്തതിനാൽ വൈദ്യുതിബന്ധം ലഭിക്കാതെ കെട്ടിടങ്ങൾ പ്രയോജനരഹിതമായി കിടക്കുന്നു

പ്രൊജക്ട് നം. : 213/17, 381/18
പ്രൊജക്ടിന്റെ പേര് : വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണവും ഇലക്ട്രിക്കൽ മെയിന്റനൻസും

ചെലവഴിച്ച തുക : ട.ബി.നം.1/30.6.17; ₹99,126

ട.ബി.നം.2/30.6.17;₹41,729

ട.ബി.നം.3/30.6.17; ₹70,682

ട.ബി.നം.4/30.6.17; ₹1,40,625

കമ്പളങ്ങാട് വനിത വിപണനകേന്ദ്രം, വടക്കാഞ്ചേരി തൊഴിൽ പരിശീലനകേന്ദ്രം, മുണ്ടത്തിക്കോട് പി.എച്ച്.സി. സബ് സെന്റർ, പാർളിക്കാട് ജി.യു.പി.എസ്. സ്മാർട്ട് ക്ലാസ്സ് റൂം എന്നിവയുടെ വൈദ്യുതീകരണ പ്രവൃത്തികൾക്കാണ് മേൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിൽ ഓരോ സ്ഥാപനത്തിനും വൈദ്യുതി കണക്ഷൻ ചാർജ്ജായി തുക വകയിരുത്തിയിരുന്നു. എന്നാൽ വൈദ്യുതി കണക്ഷൻ ചാർജ്ജ് അടച്ചതിന്റെ രേഖകൾ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/20.5.2019 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കണക്ഷൻ ചാർജ്ജ് അടക്കുന്നതിനായി വൈദ്യുതിബോർഡിൽ സമർപ്പിക്കേണ്ട രേഖകൾ സഹിതം ബന്ധപ്പെട്ട ഫയൽ 2017 മെയ് മാസത്തിൽ നഗരസഭാ സെക്രട്ടറിക്ക് സമർപ്പിച്ചതായി അറിയിച്ചു. എന്നാൽ വൈദ്യുതി കണക്ഷൻ ചാർജ്ജ് അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിനോടനുബന്ധിച്ച് 20.5.19 ന് കമ്പളങ്ങാട് വനിത വിപണനകേന്ദ്രം, വടക്കാഞ്ചേരി തൊഴിൽ പരിശീലനകേന്ദ്രം, പാർളിക്കാട് ജി.യു.പി.എസ്. സ്മാർട്ട് ക്ലാസ്സ് റൂം എന്നിവിടങ്ങളിൽ ഓഡിറ്റ് സംഘം സന്ദർശനം നടത്തുകയുണ്ടായി. മൂന്ന് സ്ഥാപനങ്ങളുടേയും വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ബന്ധം ലഭിച്ചിട്ടില്ലാത്തതാണ്. വർഷങ്ങൾക്ക് മുമ്പ് നിർമ്മാണം പൂർത്തിയായ ഈ കെട്ടിടങ്ങൾ നാളിതുവരെയായിട്ടും വൈദ്യുതിബന്ധം ലഭിക്കാത്തതുമൂലം ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്നു. ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം പരിശോധിക്കേണ്ടതും വൈദ്യുതിബന്ധം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(21.5.19 ലെ സ്ഥലപരിശോധന റിപ്പോർട്ട് )

# 3-37 മോണിട്ടറിങ്ങ് നടത്തുന്നില്ല

സ.ഉ.(എം.എസ്).നം. 79/2017/ തസ്വഭവ / തിയതി 3.4.17 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2017-18 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്റ്റ് നിർവ്വഹണത്തിൽ നടന്നിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 14.8 ൽ നിർദ്ദേശിച്ച രീതിയിൽ പ്രൊജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തീകരണറിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രൊജക്റ്റുകൾ മോണിട്ടറിംഗ് നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.26/17.5.2019)

# 3-38 ബിറ്റുമിൻ,എമൽഷൻ എന്നിവ വാങ്ങി നൽകിയ റോഡ് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല

താഴെ പറയുന്ന റോഡ് പ്രവൃത്തികൾക്ക് 2017-18 ൽ ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങി നൽകിയിരുന്നു. നൽകിയ ബിറ്റുമിൻ, എമൽഷൻ എന്നിവയുടെ ഉപയോഗം, പ്രവൃത്തി പൂർത്തീകരണം എന്നിവ പരിശോധിക്കുന്നതിനായി ഫയലുകൾ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/ പേര് | വകയിരുത്തിയ തുക₹ | ചെലവഴിച്ച തുക ₹ | നൽകിയ ടാർ(VG 30) kg | നൽകിയ എമൽഷൻ (RS1)kg |
|---|---|---|---|---|---|
| 1. | 333/18,വെള്ളപ്പാറ റോഡ് | 190000 | 0 | 25.32 | 264.69 |
| 2. | 303/18,M.S. | 325530 | 124670 | 1859.02 | 295.29 |

| | | | | | |
|---|---|---|---|---|---|
| | നായർ റോഡ് | | | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കേണ്ടതാണ്. പ്രവൃത്തികൾ നടപ്പാക്കാതിരിക്കുകയോ ഭാഗികമായി മാത്രം നടപ്പാക്കുകയോ ചെയ്യുന്ന പക്ഷം ഉപയോഗിക്കാത്ത ടാറിന്റേയും എമൽഷന്റേയും തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.22/16.5.19)

# 3-39 വടക്കാഞ്ചേരി നഗരസഭയിലെ മാലിന്യ സംസ്ക്കരണ സംവിധാനം

ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് നഗരസഭകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. വടക്കാഞ്ചേരി നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ സന്ദർശനം നടത്തുകയും ചെയ്തു.

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**1. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം.**

വടക്കാഞ്ചേരി നഗരസഭയിലെ 5 ാം ഡിവിഷനിലെ കുമ്പളങ്ങാട് എന്ന സ്ഥലത്ത് നഗരസഭയുടെ അധീനതയിലുള്ള 7.5 ഏക്കർ സ്ഥലത്താണ് മാലിന്യ സംസ്കരണ സംവിധാനം പ്രവർത്തിച്ചു വരുന്നത്. വടക്കാഞ്ചേരി ടൗണിനോടടുത്തുള്ള എട്ട് ഡിവിഷനുകളിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് നഗരസഭ മുൻഗണന നൽകുന്നത്. അഞ്ച് ടണ്ണോളം മാലിന്യം ദിനംപ്രതി ശേഖരിച്ച് ഒരു പിക്ക് അപ്പ് വാഹനത്തിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെയാണ് മാലിന്യ ശേഖരണം നടത്തുന്നത്. രണ്ട് ടൺ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റ് മാലിന്യയാർഡിൽ പ്രവർത്തിച്ചുവരുന്നു.



ബയോഗ്യാസ് പ്ലാന്റ്

**എ. പ്ലാന്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റുകൾ.**

2015-16 മുതൽ 2017-18 വരെയുള്ള കാലയളവിൽ പ്ലാന്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1 | <u>ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ്</u><br><br>ബയോഗ്യാസ് പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആനുവൽ മെയിന്റനൻസ് കരാറിൽ ഏർപ്പെടുന്നതിനായി 1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 2 | <u>മാലിന്യം കുഴിച്ച് മൂടൽ</u><br><br>മാലിന്യയാർഡിലെ മാലിന്യം ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ചുമൂടുന്നതിനായി 1,99,300 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 3 | <u>മാലിന്യയാർഡിന് ചുറ്റുമതിലും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കലും</u><br><br>2017-18 ൽ മാലിന്യയാർഡിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 13,87,538 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 4 | <u>മെറ്റീരിയൽ റിക്കവറി സെന്റർ</u><br><br>മാലിന്യയാർഡിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം പണി പുരോഗമിച്ചു വരുന്നു. |
| | <u>പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്</u><br><br>പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുന്നതിനായി ക്ലീൻ കേരള കമ്പനിയിൽ 5,19,372 രൂപ ഒടുക്കിയിട്ടുണ്ട്. |



**ബി. പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തൽ**

ദിനംപ്രതി രണ്ട് ടൺ സംസ്കരിക്കാൻ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് ആണ് സ്ഥാപിച്ചിരിക്കുന്നതെങ്കിലും ശരാശരി നാലോ അഞ്ചോ ചാക്ക് ജൈവമാലിന്യം മാത്രമാണ് നിലവിൽ സംസ്കരിച്ചെടുക്കുന്നതെന്ന് ബോധ്യപ്പെട്ടു. പ്ലാന്റിന്റെ പൾവറൈസർ, ഗ്യാസ് പൈപ്പ് എന്നിവ തകരാറിലായതിനാൽ പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമല്ലെന്ന് നഗരസഭ അധികൃതർ അറിയിച്ചു. സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ കൂടിക്കലർന്ന് പ്ലാന്റിൽ എത്തിക്കുന്ന മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിക്കുന്നതിന് നിലവിൽ ഒരു ജീവനക്കാരി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. പ്ലാന്റിന്റെ പ്രവർത്തനക്ഷമതയില്ലായ്മമൂലം ജൈവ മാലിന്യവും മറ്റ് അജൈവ മാലിന്യങ്ങളും സംസ്കരിക്കപ്പെടാതെ മാലിന്യയാർഡിൽ തന്നെ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. വർഷങ്ങളായി മാലിന്യയാർഡിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും സാനിറ്ററി ലാന്റ് ഫില്ലിംഗ് നടത്തി സംസ്കരിക്കുന്നതായി കാണപ്പെട്ടു. ബയോഗ്യാസ് പ്ലാന്റിന്റെ വാർഷികപരിപാലനത്തിനായി 2015-16 ൽ പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിനുശേഷം അത്തരം പ്രൊജക്റ്റുകൾ തയ്യാറാക്കുകയോ ചെലവ് ചെയ്തതായോ കാണുന്നില്ല. പരിപാലനത്തിന്റെ അഭാവം ബയോഗ്യാസ്

പ്ലാന്റിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥക്ക് കാരണമായിട്ടുണ്ടെന്ന് വ്യക്തമാണ്. വിൻഡ്രോ കമ്പോസ്റ്റ് യാർഡ് നിർമ്മാണത്തിന് 2018-19 ൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ചെലവൊന്നും നടത്തിയിട്ടില്ല.

കേന്ദ്ര ചട്ടങ്ങൾ അനുസരിച്ച് വിവിധ തരത്തിലുള്ള മാലിന്യങ്ങൾ സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കാതെ ശേഖരിക്കുന്നതും ഫലപ്രദമായ സംസ്കരണം നടക്കാത്തതും പ്രധാന അപാകതയാണ്.



സംസ്കരിക്കാത്തമാലിന്യം

**2. മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരം**

വടക്കാഞ്ചേരി ടൗണിനോടടുത്ത എട്ട് ഡിവിഷനുകളിലെ മാലിന്യം ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നതിന് 'ഭൂമിമിത്ര' എന്ന പേരിലുള്ള അയൽക്കൂട്ടത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിനാവശ്യമായ വാഹനം നഗരസഭ വാങ്ങിനൽകിയിട്ടുണ്ട്. വാഹനത്തിന്റെ ഇന്ധനം,റിപ്പയർ,ഡ്രൈവറുടെ വേതനം എന്നിവക്ക് വേണ്ടി വരുന്ന ചെലവുകൾ നഗരസഭ നിർവ്വഹിച്ച് വരുന്നു. മാലിന്യം ശേഖരിക്കപ്പെടുന്ന വ്യാപാരികളിൽ നിന്നും വീടുകളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കികൊണ്ട് മാലിന്യശേഖരണത്തിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ വേതനം ഭൂമിമിത്ര തന്നെ കണ്ടെത്തുന്നു. ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനത്തിന് ഒരു ജീവനക്കാരിയെ നഗരസഭ ദിവസവേതനത്തിൽ നിയമിച്ചിട്ടുണ്ട്.

**3. മാലിന്യ ശേഖരണത്തിനുള്ള വാഹനം**

അശോക് ലൈലന്റ് " ദോസ്ത്' എന്ന പിക്ക് അപ് വാഹനമാണ് മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ ഉപയോഗിക്കുന്നത്. എട്ട് ഡിവിഷനുകളിൽ നിന്നും അഞ്ച് ടണ്ണോളം മാലിന്യം ശേഖരിച്ച് പിക്ക് അപ് വാഹനത്തിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നുണ്ട്.

**1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 339** പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്.

**4. മാലിന്യം ശേഖരിക്കുന്ന രീതി**

നിലവിൽ ടൗൺ പരിസരത്തുള്ള 8 ഡിവിഷനുകളിലെ മാലിന്യ ശേഖരണത്തിനാണ് നഗരസഭ മുൻഗണന നൽകുന്നത്. ബാക്കി 33 ഡിവിഷനുകളിലെ മാലിന്യ സംസ്കരണത്തിനായി പ്രത്യേക സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

**5. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ**

ബയോ ഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി നഗരസഭ നടത്തിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക₹ | ചെലവഴിച്ച തുക₹ |
|---|---|---|---|
| 1. | സർവ്വശുദ്ധി(2016-17) | 1505000 | 380000 |
| 2. | സർവ്വശുദ്ധി(2017-18) | 1125000 | 270000 |
| 3. | സർവ്വശുദ്ധി-വീടുകളിലേക്ക് ബയോഗ്യാസ് പ്ലാന്റ് ഡൈജസ്റ്റം(2017-18) | 6548000 | 1400700 |
| 4. | സർവ്വശുദ്ധി- ബയോഗ്യാസ് പ്ലാന്റ്(2018-19) | 5147300 | 450100 |
| 5. | സർവ്വശുദ്ധി ഡി.പി.ആർ. -നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നവീകരണം(2018-19) | 314400 | 0 |
| 6. | സർവ്വശുദ്ധി ഡി.പി.ആർ.-വീടുകളിലേക്കു | 4351907 | 0 |

| | | | |
|---|---|---|---|
| | പൊതുസ്ഥലങ്ങളിലേക്കും കമ്പോസ്റ്റിങ്ങ് യൂണിറ്റ് (2018-19) | | |

2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ ഉറവിടമാലിന്യസംസ്കരണത്തിനായി 219 ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിച്ചതായി നഗരസഭ അറിയിച്ചു. എന്നാൽ പ്രസ്തുത പ്ലാന്റുകൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. 2018-19 ൽ നിലവിലെ ബയോഗ്യാസ് പ്ലാന്റുകളുടെ നവീകരണം എന്ന പ്രൊജക്ട് വച്ചിരുന്നെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

**6. ഉറവിട മാലിന്യസംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ**

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017** പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു.

ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് വ്യാപകമായ പ്രചരണം നഗരസഭ നടത്തിവരുന്നതായും വൻകിട സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണസംവിധാനം ഉള്ള പക്ഷം മാത്രമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നതിന് മുമ്പ് മാലിന്യസംസ്കരണസംവിധാനം സംബന്ധിച്ച സത്യവാങ്മൂലം എല്ലാ വ്യാപാരികളിൽ നിന്നും വാങ്ങുകയും ആയത് പരിശോധിച്ചതിന് ശേഷമാണ് ഡി&ഒ ലൈസൻസ് അനുവദിക്കുന്നതെന്നും ഹോട്ടലുകളിലെ ജൈവമാലിന്യം പന്നിഫാമിലേക്ക് കൊണ്ടുപോകുന്നതിന് നിലവിൽ സംവിധാനമുണ്ടെന്നും നഗരസഭ അറിയിച്ചു. നഗരസഭാ പരിധിയിലുള്ള ആശുപത്രികളിൽ നിന്നുമുള്ള മാലിന്യം IMAGE എന്ന സ്ഥാപനത്തിന് കൈമാറുന്നതിന് കരാർ ഒപ്പിട്ടവർക്ക് മാത്രമാണ് ലൈസൻസ് പുതുക്കി നൽകുന്നത്.

**7. പ്ലാസ്റ്റിക്ക് മാലിന്യനിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ**

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഷ്രെഡ്ഡിംഗ് മെഷീൻ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നതായി കാണപ്പെട്ടു.

പ്ലാസ്റ്റിക്ക് മാലിന്യ നിയന്ത്രണ ബോധവത്ക്കരണത്തിനായി ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് 35 മൺകൂജകളും 10 തുണി ബാനറുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചതായും 5000 തുണി സഞ്ചികൾ വിതരണം നടത്തിയതായും നഗരസഭ അറിയിച്ചു. 'മാനിഷാദ' എന്ന പേരിൽ സ്ലൈഡുകൾ തയ്യാറാക്കി ടി.വി. ചാനലുകളിൽ പ്രദർശിപ്പിച്ചതായും അറിയിച്ചിട്ടുണ്ട്.

2016 ലെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4,000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിച്ച് പിടിച്ചെടുത്ത് ഫൈൻ ഈടാക്കി വരുന്നതായും പ്ലാസ്റ്റിക്ക് പുനചംക്രമണം ചെയ്യാനുള്ളത് പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറി വരുന്നതായും പ്ലാസ്റ്റിക്ക് കവർ വിൽക്കുന്നവരുടെ രജിസ്ട്രേഷൻ നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 340 ാം വകുപ്പ് പ്രകാരം, പൊതുസ്ഥലങ്ങളിൽ ചവറോ മാലിന്യമോ നിക്ഷേപിച്ചതിന് 31440 രൂപ പിഴ ആയി നഗരസഭ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

ഹരിതകർമ്മസേന രൂപീകരിച്ചതായും അജൈവമാലിന്യം വീടുകളിൽ നിന്നും ഹരിതകർമ്മസേന വഴി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും നഗരസഭ അറിയിച്ചിട്ടുണ്ട്.

2016 ലെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി നഗരസഭ അറിയിച്ചിട്ടുണ്ട്.

**8. കെട്ടിടാവശിഷ്ടങ്ങൾ,ഇ-വേയ്സ്റ്റ് തുടങ്ങിയ മാലിന്യങ്ങളുടെ നിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ**

2016 ലെ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ നിർമ്മാണങ്ങളും പൊളിച്ചുമാറ്റലും നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാലിന്യ ഉൽപാദകരും, മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടാവശിഷ്ടങ്ങൾ പൊതുനിരത്തിൽ നിക്ഷേപിക്കാതിരിക്കുന്നതിന് കർശനനിരീക്ഷണം നടത്തിവരുന്നതായും എന്നാൽ നിലവിൽ സംസ്കരണസംവിധാനങ്ങൾ ഒരുക്കിയിട്ടില്ലെന്നും നഗരസഭ അറിയിച്ചു.

2016 ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ഇ-മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, വാഹനത്തിൽ കൊണ്ടുപോകൽ, വേർതിരിക്കൽ, നവീകരിക്കൽ, പൊളിച്ച കളയൽ, പുനചംക്രമണം നടത്തൽ, കയ്യൊഴിക്കൽ എന്നീ പ്രവർത്തനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കേണ്ടതാണ്. ചട്ടം 24 പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി ഉറപ്പാക്കേണ്ടതാണ്.

തൃശ്ശൂർ ജില്ലയിൽ ആകമാനം ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നടത്തിയ ഇ ഡ്രൈവിൽ 715 കി.ഗ്രാം. ഇ മാലിന്യങ്ങൾ ശേഖരിച്ച് കൈമാറിയിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

**9. നഗരസഭയിലെ ഹരിത കർമ്മസേന**

വീടുകളിൽ നിന്നും നേരിട്ട് അജൈവമാലിന്യം തരംതിരിച്ച് മാസത്തിലൊരിക്കൽ സംഭരിച്ച് പാഴ്‌വസ്തു വ്യാപാരികൾക്ക് കൈമാറുന്നതിന് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചതായും അവർക്ക് പരിശീലനം നൽകി കഴിഞ്ഞതായും നഗരസഭ അറിയിച്ചു.

**10. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും മോണിട്ടറിംഗും**

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളുടെ ചുമതലയുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് രേഖകളുടെ പരിശോധയിൽ ബോധ്യപ്പെട്ടു.

ശുചിത്വം, മാലിന്യസംസ്കരണം വർക്കിംഗ് ഗ്രൂപ്പിന്റെ രണ്ട് യോഗങ്ങളിൽ നടന്ന ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉദാഹരണങ്ങളായി താഴെ ചേർക്കുന്നു.

| |
|---|
| 13-5-17<br>• കുമ്പളങ്ങാട് മാലിന്യയാർഡിനു സമീപം CCTV<br>• മാലിന്യ നിർമ്മാർജ്ജന ബോധവത്ക്കരണം<br>• ആധുനികരീതിയിലുള്ള കശാപ്പ്ശാല<br>• പ്ലാസ്റ്റിക്ക് ഉത്പ്പന്നങ്ങളുടെ നിരോധനം |
| 22.8.17<br>• പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് ഒഴിവാക്കാനുള്ള നടപടികൾ<br>• ആധുനിക കശാപ്പുശാല<br>• ആധുനിക മാർക്കറ്റ്<br>• പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾക്ക് ബദൽ സംവിധാനം |

ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ധാരാളം പ്രൊജക്റ്റുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നഗരസഭ മാലിന്യവിമുക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ ഫലപ്രദമായിട്ടില്ല.

**11.** സർവ്വശുദ്ധി-മാലിന്യസംസ്കരണത്തിന് നഗരസഭയുടെ വിശദമായ പദ്ധതി.

വടക്കാഞ്ചേരി നഗരസഭയുടെ ഖരമാലിന്യസംസ്കരണത്തിനായി പെലിക്കൺ ഫൗണ്ടേഷൻ സമഗ്രമായ പദ്ധതിരേഖ( **Detailed Project Report)**തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കനുസരിച്ചാണ് ഡി.പി.ആർ തയ്യാറാക്കിയിരിക്കുന്നത്. **4.06** കോടി രൂപക്കുള്ള മാലിന്യസംസ്കരണസംവിധാനങ്ങളാണ് ഡി.പി.ആറിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ജൈവമാലിന്യസംസ്കരണത്തിനായി വീടുകൾക്കായി ബയോബിന്നുകൾ, പോർട്ടബിൾ ഡോമസ്റ്റിക്ക് ബയോഗ്യാസ് പ്ലാന്റുകൾ, മെഡിക്കൽ കോളേജിനും താലൂക്ക് ആശുപത്രിക്കുമായി ബയോഗ്യാസ് പ്ലാന്റുകൾ, വാണിജ്യ സ്ഥാപനങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റുപയോഗിച്ച് ഊർജ്ജോത്പാദനം, ബയോഗ്യാസ് പ്ലാന്റിൽ ഇടാൻ

പറ്റാത്ത വാണിജ്യ ജൈവമാലിന്യസംസ്കരണത്തിന് വിൻഡ്രോ കമ്പോസ്റ്റിങ്ങ്, അജൈവമാലിന്യത്തിനായി എം.ആർ.എഫ്, ഷ്രെഡ്ഡിംഗ് മെഷീനുകൾ, ഹരിതകർമ്മസേനക്കും ഹരിതസഹായസ്ഥാപനത്തിനും ആവശ്യമായുള്ള VGF, വാഹനങ്ങൾ, ഓവർഹെഡ് ചെലവുകൾ എന്നിവയെല്ലാം ഡി.പി.ആറിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. 4.06 കോടി രൂപയുടെ മൊത്തം പ്രൊജക്ടിൽ കേന്ദ്രസർക്കാർ വിഹിതം 1.5 കോടിയും സംസ്ഥാനസർക്കാർ വിഹിതം 1.02 കോടിയും നഗരസഭ വിഹിതം 1.84 കോടിയുമാണ്. പ്രൊജക്റ്റ് നടപ്പാകുന്നതിലൂടെ വടക്കാഞ്ചേരി നഗരസഭയുടെ മാലിന്യപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

12. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

8. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

9. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

10. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

11. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. കേന്ദ്ര സംസ്ഥാന നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണം സംബന്ധിച്ച സമഗ്രപദ്ധതി രേഖ ഫലപ്രദമായി നടപ്പാക്കാൻ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-40 നിഷ്ക്രിയ ആസ്തികൾ

നഗരസഭ വിവിധവർഷങ്ങളിൽ ആർജ്ജിച്ച പല ആസ്തികളും നിർമ്മാണം പൂർത്തിയാക്കാതെയും പൂർണ്ണമായി പ്രവർത്തനക്ഷമമാക്കാതെയും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താതെയും വൈദ്യുതി ബന്ധമില്ലാതെയും നിഷ്ക്രിയമായി കിടക്കുന്നുണ്ട്. പലവർഷങ്ങളിലായി വിവിധ പദ്ധതികളിലുമായി നഗരസഭയുടെയും സംസ്ഥാനസർക്കാരിന്റേയും ലക്ഷക്കണക്കിന് തുക ചെലവഴിച്ചാണ് ഇവ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ആസ്തിയുടെ പേര് | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|
| 1. | ആധുനികമത്സ്യമാർക്കറ്റ് | 1.03 കോടി | കേരളസംസ്ഥാന തീരദേശവികസന കോർപ്പറേഷൻ നിർമ്മിച്ച് 25.9.2015 ൽ നഗരസഭക്ക് കൈമാറിയ മത്സ്യമാർക്കറ്റ്. 22 സ്റ്റാളുകളും ശുചിമുറികളും മലിനജല സംസ്കരണപ്ലാന്റും ഉൾപ്പെടുന്നു. നാളിതുവരെയും ഉപയോഗിക്കാതെ കിടക്കുന്നു. കെട്ടിടത്തിന്റെ പലഭാഗങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതായി കാണുന്നു.<br><br>കേരളസംസ്ഥാന തീരദേശവികസനകോർപ്പറേഷൻ കെട്ടിടം നിർമ്മിച്ച് കൈമാറിയെങ്കിലും മലിനജല പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയിരുന്നില്ലെന്നും ആയത് ഉടനടി പ്രവർത്തനക്ഷമമാക്കാൻ ഫിഷറീസ് വകുപ്പിന് കീഴിലുള്ള തീരദേശവികസനകോർപ്പറേഷന് കത്ത് നൽകിയതായി നഗരസഭ അറിയിച്ചു. |
| 2. | പട്ടികജാതി വനിതതൊഴിൽ പരിശീലനകേന്ദ്രം,വടക്കാഞ്ചേരി | | വടക്കാഞ്ചേരി നഗരസഭയുടെ പഴയ കെട്ടിടം പൊളിച്ചപ്പോൾ ഓഫീസിലുണ്ടായിരുന്ന സാധനങ്ങൾ ഈ കെട്ടിടത്തിൽ സൂക്ഷിച്ചു വരുന്നു. നാളിതുവരെ തൊഴിൽ പരിശീലനം ആരംഭിച്ചിട്ടില്ല.<br><br>തൊഴിൽ പരിശീലന കേന്ദ്രത്തിലേക്കുള്ള അപേക്ഷകരുടെ അംഗീകാരത്തിനായി ചെയർപേഴ്സൺ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചു. |
| 3. | എങ്കക്കാട് ഗ്യാസ് ക്രിമറ്റോറിയം | 1860000 | 2014-15 ൽ 4660000 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഈ പ്രൊജക്ടിൽ 20 ലക്ഷം രൂപ ശുചിത്വമിഷൻ വിഹിതവും 1860000 രൂപ പഞ്ചായത്ത് തനത് ഫണ്ടും(അന്നത്തെ വടക്കാഞ്ചേരിഗ്രാമപഞ്ചായത്ത്)ഏ 8 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതവുമാണ് വകയിരുത്തിയിരുന്നത്. തനത് ഫണ്ട് ചെലവഴിച്ചതിനുശേഷം 2015-16 ൽ ശുചിത്വമിഷൻ ഫണ്ട് ലഭിക്കാതെ വന്നതിനെ തുടർന്ന് നിർമ്മാണം പാതിവഴിയിൽ നിലച്ചു.<br><br>ശുചിത്വമിഷൻ ഫണ്ട് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുമെന്ന് നഗരസഭ അറിയിച്ചു. |
| 4. | മിണാലൂർ വനിത വിപണനകേന്ദ്രം | 2452307 | മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിലെ(നിലവിൽ വടക്കാഞ്ചേരി നഗരസഭ) വനിതകൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 11.4.2016 ൽ ഈ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. വൈദ്യുതീകരണ പ്രവൃത്തികൾ നടത്തിയിട്ടില്ല. നാളിതുവരെയും പ്രവർത്തനക്ഷമമായിട്ടില്ല.<br><br>വിഷയം കൗൺസിൽ തീരുമാനത്തിന് വച്ചിട്ടുള്ളതായി നഗരസഭ അറിയിച്ചു. |
| 5. | ജനറൽ സ്വയം സഹായസംഘം ഓഫീസ് കെട്ടിടം | 949946 | 30.12.2017 ൽ അന്തിമബിൽ നൽകിയ ഈ കെട്ടിടത്തിന്റെ വൈദ്യുതീകരണപ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടില്ല. ഇതുവരെയും കെട്ടിടം പ്രയോജനപ്പെടുത്തിയിട്ടില്ല.<br>വിഷയം കൗൺസിൽ തീരുമാനത്തിന് വച്ചിട്ടുള്ളതായി നഗരസഭ അറിയിച്ചു. |
| 6. | മുണ്ടത്തിക്കോട് ഗ്യാസ് ക്രിമറ്റോറിയം | 2000000 | 2011-12 വർഷം മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ആരംഭിച്ച പ്രൊജക്ടാണിത്. 2015 ൽ നിർമ്മാണം പൂർത്തിയായെങ്കിലും സംസ്ഥാനവിഹിതം നഷ്ടപ്പെട്ടതിനെ തുടർന്ന് കോസ്റ്റ്ഫോഡിന് ബാക്കി തുക നൽകുവാൻ കഴിഞ്ഞില്ല. വൈദ്യുതിബന്ധം ലഭ്യമായിട്ടില്ല.<br>ശുചിത്വമിഷൻ ഫണ്ട് ലഭിക്കുന്ന മുറക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് നഗരസഭ അറിയിച്ചു. |

**1.** ആധുനിക മത്സ്യമാർക്കറ്റ്

.


2. പട്ടികജാതി വനിതതൊഴിൽ പരിശീലനകേന്ദ്രം




3. എങ്കക്കാട് ഗ്യാസ് ക്രിമറ്റോറിയം



4.മിണാലൂർ വനിത വിപണനകേന്ദ്രം



5.ജനറൽ സ്വയം സഹായസംഘം ഓഫീസ് കെട്ടിടം



6. മുണ്ടത്തിക്കോട് ഗ്യാസ് ക്രിമറ്റോറിയം



മേൽ ആസ്തികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

# 3-41 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

അടങ്കൽ - 3,00,000

ചെലവ് - 2,98,500

ട്രഷറിബിൽ - 1/22.09.17

2016-17സാമ്പത്തിക വർഷം ആസൂത്രണം ചെയ്യതും 2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയതുമായ '*ലാപ്ടോപ്പ് വിതരണം' (SC)* എന്ന പ്രൊജക്ററിന് ലഭിച്ച വിവിധ തലത്തിലുള്ള അനുമതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശുപാർശ | 24.09.16<br>(തീരു.1/24.09.16) |
| ഭരണാനുമതി | 26.09.16 (തീരു.1/26.09.16). |
| Dist. Scheduled Caste Dev.Officer-ന്റെ അംഗീകാരം | 30.09.17 ഉത്തരവ് നം.SCD41/16-17 |

എന്നാൽ പ്രൊജക്ടിന്റെ ടെണ്ടർ നടപടിക്രമങ്ങൾ 41/2 മാസങ്ങൾക്കുശേഷം 14.02.17-നാണ് ആരംഭിച്ചിരിക്കുന്നത്(ടെണ്ടർ നോട്ടീസ് നം.എ2-

5737/16 തീയ്യതി.14.02.17). ടെണ്ടർ നടപടികൾക്കുശേഷം Lisan Associates, City Tower, Main Road, wadakakanchery എന്ന സ്ഥാപനത്തിൽ നിന്നും 10 ലാപ് ടോപ്പുകൾ 07.09.17-ലെ 00308 നം. ഇൻവോയ്സ് പ്രകാരം വാങ്ങുകയും ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയുമുണ്ടായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ന്യൂനതകൾ കാണുന്നുണ്ട്.

1.വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി സർക്കാർ വിഭാവനം ചെയ്ത ഈ പദ്ധതിയിൽ ഉൾപ്പട്ട ലാപ്ടോപ്പുകൾ പദ്ധതിയുടെ ശരിയായ ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും അഭാവത്താൽ ഒരു വർഷം വൈകിയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചിരിക്കുന്നത്. സമയബന്ധിതമായി വിതരണം ചെയ്യാത്തതിനാൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ ശരിയായ സമയത്ത് ലഭിക്കാതെ വന്നിട്ടുണ്ട്.

2.തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ (സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ. തീ.08.11.2010) പ്രകാരം മതിപ്പുവില 1 ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഓപ്പൺ ടെണ്ടർ രീതിയാണ് സ്വീകരിക്കേണ്ടത്. എന്നാൽ പ്രൊജക്ടുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മാർഗ്ഗരേഖയിലെ ഓപ്പൺ ടെണ്ടറുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പിൻതുടർന്നതായി കാണുന്നില്ല.

3.ടെണ്ടർ നോട്ടീസ് പരസ്യപ്പെടുത്തിയ ദിനപത്രം ഹാജരാക്കിയിട്ടില്ല.

4.മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഉള്ളതായികാണുന്നില്ല. ലാപ്ടോപ്പുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിനുശേഷം ടെണ്ടറുകൾ ലഭിച്ച സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് സംബന്ധിച്ചോ മറ്റു വിവരങ്ങളോ പ്രൊക്യൂർമെന്റ് മിനിറ്റ്സിൽ രേഖപ്പെടുത്തിയതായി കണുന്നില്ല.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32) ഉചിതമായ മറുപടി നൽകുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ സമാന സ്വഭാവമുള്ള പദ്ധതികൾ നിർവ്വഹണം നടത്തുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത നിർവ്വഹണോദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

# 3-42 തൊഴിൽ പരിശീലന കേന്ദ്രം-ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-പദ്ധതി ആസൂത്രണത്തിന്റെ ഫലപ്രാപ്തി-ഒരു അവലോകനം

അടങ്കൽ - 3,56,250

ചെലവ് - 3,41,791

ട്രഷറി ബിൽ - i)3/22.03.18 Rs.3,01,868

ii)5/27.03.18 Rs.39,923

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷത്തിൽ SCPഫണ്ട് 3,41,637 രൂപ ചെലവഴിച്ച് '*തൊഴിൽ പരിശീലന കേന്ദ്രം-ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ*'(SO-188/18) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

തേക്ക് മരത്തിൽ തീർത്ത കസേര, ഡെസ്ക് (20 എണ്ണം വീതം ) Projector Screen with stand (Rs.5,423.36), Projector (Rs.34,499.84) എന്നിവ SIDCO-യിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ കസേരകളും ഡെസ്കുകളും നഗരസഭയുടെ വിവിധ കെട്ടിടങ്ങളിൽ നിന്നും ശേഖരിച്ച പഴയ മര ഉരുപ്പടികളോടൊപ്പം ഉപയോഗയോഗ്യമല്ലാത്ത രീതിയിൽ സൂക്ഷിച്ചിരിക്കുന്നതായും പ്രൊജക്ടർ, പ്രൊജക്ടർ, സ്ക്രീൻ എന്നിവ പരിശീലന കേന്ദ്രത്തിൽ സ്ഥാപിക്കാത്തതായും പ്രാദേശിക പരിശോധനയിൽ കണ്ടു. കൂടാതെ പരിശീലന കേന്ദ്രത്തിന്റെ നിലവിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33) ഇതുവരെയായി പരിശീലനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ലെന്നും പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ എന്നിവ മുനിസിപ്പൽ ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന മറുപടിയുമാണ് ലഭിച്ചത്.

പട്ടികജാതി ഫണ്ടിൽ നിന്നും 3.5 ലക്ഷത്തോളം രൂപ ചെലവഴിച്ച് സ്ഥാപനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടും ഒരു വർഷമായിട്ടും ഒരു പരിശീലനപരിപാടി പോലും നടത്താൻ നഗരസഭക്കായിട്ടില്ല എന്നത് പദ്ധതിആസൂത്രണം കാര്യക്ഷമമായിരുന്നോ എന്ന ചോദ്യം ഉയർത്തുന്നുണ്ട്. ഉദ്യോഗസ്ഥ മേധാവികളുടെയും ജനപ്രതിനിധികളുടെയും ശ്രദ്ധയെ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 3-43 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള മുച്ചക്ര വാഹനം - നിർവ്വഹണത്തിലെ അപാകതകൾ

അടങ്കൽ - 4,00,000

ചെലവ് - 3,70,000

ട്രഷറിബിൽ - 7/27.03.18

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2017-18 സാമ്പത്തിക വർഷത്തിൽ SCP ഫണ്ടുപയോഗിച്ച് 'ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള മുച്ചക്ര വാഹനം(so-154/18) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

അടങ്കൽതുക 4,00,000 രൂപയുള്ള ഈ പ്രൊജക്റ്റിന്റെ ടെണ്ടർ നടപടിക്രമങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. മതിപ്പുവില 1 ലക്ഷം രൂപയിൽ കൂടുതൽ ഉള്ള വാങ്ങലുകളിൽ ഓപ്പൺ ടെണ്ടർ സമ്പ്രദായമാണ് പിൻതുടരേണ്ടതെന്നിരിക്കെ അത്തരത്തിലുള്ള വ്യവസ്ഥകൾ അനുവർത്തിച്ചു കാണുന്നില്ല. മാർഗ്ഗരേഖയനുസരിച്ച് പരസ്യതീയ്യതിമുതൽ 21 ദിവസം വരെ ടെണ്ടറുകൾ സമർപ്പിക്കാമെന്നിരിക്കെ പരസ്യ തീയ്യതി മുതൽ കേവലം 7 ദിവസം മാത്രമാണ് നൽകിയിരിക്കുന്നത്.

ടെണ്ടർ നോട്ടീസ് നം.ജെ1-5737 തീ.21.02.18 പ്രകാരം ടെണ്ടറുകൾ ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭിച്ചു.എന്നാൽ Impact Enterprises, Malappuram, എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ മുദ്ര പത്രത്തിൽ തയ്യാറാക്കിയpreliminary agreement ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. G.O.(P)No.324/2015/Fin. Dt.30.07.15 പ്രകാരം ഒരു ടെണ്ടർ മാത്രം ലഭിക്കുകയോ അല്ലെങ്കിൽ അന്തിമ വിലയിരുത്തലിൽ സ്വീകരിക്കാൻ യോഗ്യതയുള്ളതായി ഒരു ടെണ്ടർ മാത്രം കണ്ടെത്തുകയും ചെയ്താൽ അതിനെ സിങ്കിൾ ടെണ്ടർ എന്ന് വിശേഷിപ്പിക്കാവുന്നതാണ്. അതുകൊണ്ടുതന്നെ ഈ ടെണ്ടർ നടപടികളിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതായി മാത്രമേ കണക്കാക്കാനാകൂ. ആദ്യ തവണ സിങ്കിൾ ടെണ്ടർ സ്വീകരിക്കുന്നത് മേൽ ഉത്തരവു പ്രകാരം നിയന്ത്രിച്ചിട്ടുള്ളതും വളരെ അടിയന്തിര സാഹചര്യങ്ങളിൽ മാത്രം സ്വീകരിക്കാവുന്നതുമാണ്.

5 ഗുണഭോക്താക്കളിൽ ഉണ്ണികൃഷ്ണൻ K.I., കൊളാടി ഹൗസ് എന്ന വ്യക്തി മാത്രമാണ് പട്ടികജാതി വകുപ്പിൽനിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്.

നഗരസഭാതിർത്തിയിലുള്ള ശാരീരികവൈകല്യം അനുഭവിക്കുന്നവരും വാഹനം ഉപയോഗിക്കാൻ നിലവിലുള്ള നിയമസംവിധാനത്തിൽ യോഗ്യരുമായ ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രസ്തുത വ്യക്തികളെ സഞ്ചാര ക്ഷമമാക്കുന്നതിന് വിതരണം ചെയ്ത വാഹനങ്ങൾ ഗുണഭോക്താക്കൾതന്നെ ഉപയോഗിക്കുന്നു എന്നുറപ്പാക്കുന്നതിന് ഡ്രൈവിങ്ങ് ലൈസൻസ് സ്വന്തമായുള്ളവർക്കുതന്നെയാണൊ വാഹനങ്ങൾ വിതരണം ചെയ്തതെന്ന പരിശോധന നടത്തിയതായി കാണുന്നില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.39) ഭരണസമിതിയുടെ അംഗീകാരത്തോടെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കാലതാമസം വന്നതിനാലാണ് സമയക്രമം പാലിക്കാൻ സാധിക്കാഞ്ഞതെന്നും നിശ്ചിത യോഗ്യതയുള്ളവർക്കുതന്നെയാണ് വാഹനങ്ങൾ വിതരണം നടത്തിയിരിക്കുന്നതെന്നുമുള്ള മറുപടിയാണ് നൽകിയത്. Preliminary Agreement സമർപ്പിക്കാത്ത വിഷയത്തിലും സ്വീകാര്യമായ മറുപടി നൽകുകയുണ്ടായില്ല.

ഈ സാഹചര്യത്തിൽ ചെലവു തുക 3,70,000 രൂപ തടസ്സത്തിൽ വെക്കുന്നു.

1.

# 3-44 സർവ്വശുദ്ധി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 11,25,000

ചെലവ് - 2,70,000

ട്രഷറി ബിൽ - i)4/22.03.18 Rs.20,000

ii)8/27.03.18 Rs.2,50,000

2016-17 സാമ്പത്തികവർഷത്തിൽനിന്നും സ്പിൽഓവർ ആയ സർവ്വശുദ്ധി (so-183/18) എന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 2,70,000 രൂപയാണ് ചെലവു വന്നിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

| | | |
|---|---|---|
| 1 | മുന്നൊരുക്ക പ്രവർത്തനങ്ങൾ- വാർഡ്തല ശുചിത്വകമ്മിറ്റി രൂപീകരണം, ശുചിത്വ ക്ലബുകൾ വിദ്യാലയങ്ങളിൽ രൂപീകരിക്കുക, കളക്ഷൻ സെന്റർ കണ്ടെത്തൽ, റിസോഴ്സ് ടീമിന്റെ രൂപീകരണം മുതലായവ. | 50,000 |
| 2 | രണ്ടാംഘട്ടം പരിശീലനം, റിസോഴ്സ് ടീം,ക്ലസ്റ്റർ അംഗങ്ങൾ എന്നിവരുടെ പരിശീലനം, മാലിന്യ പരിപാലന സർവ്വെ, മാധ്യമ പോസ്റ്റർ, ബാനർ പ്രചരണം, വീടുകളിൽ ബയോഗ്യാസ് പ്ലാന്റ്/ബയോ ഡൈജസ്റ്റർ മുതലായവ സ്ഥാപിക്കൽ, അജൈവ മാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കൽ, ബോധവത്ക്കരണ ഷോർട്ട് ഫിലിം തയ്യാറാക്കൽ, കലാജാഥ നടത്തൽ. | 2,95,000 |
| 3 | ഓരോ വീട്ടിലേക്കും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ചാക്ക് വാങ്ങി നൽകൽ | 2,50,000 |

| | | |
|---|---|---|
| 4 | മാലിന്യയാർഡിൽ പൾവറൈസർ വാങ്ങൽ | 5,00,000 |
| 5 | 41 വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിക്ക് ശുചിത്വ പ്രവർത്തന ചെലവ് | 4,10,000 |
| | ആകെ | 15,05,000 |

ഫയൽ പരിശോധിച്ചതിൽനിന്നും പദ്ധതി നിർവ്വഹണത്തിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു;

1.2016-17-സാമ്പത്തിക വർഷത്തിൽ 38 വാർഡുകൾക്ക് 10,000രൂപ വീതം നൽകിയ വകയിൽ 3,80,000 രൂപ ചെലവു വന്നിട്ടുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ 2 വാർഡുകൾക്ക് 10,000 രൂപ വീതം 20,000 രൂപയും ഓരോ വീട്ടിലേക്കും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ചാക്ക് വാങ്ങി നൽകിയതിന് 2,50,000 രൂപയുമടക്കം 2,70,000രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടിലെ ആദ്യ2 ഇനങ്ങളായ മുന്നൊരുക്ക പ്രവർത്തനങ്ങൾ, വാർഡ്തല ശുചിത്വക്ലബുകൾ വിദ്യാലയങ്ങളിൽ രൂപീകരിക്കൽ, കളക്ഷൻ സെന്റർ കണ്ടെത്തൽ, റിസോഴ്സ് ടീമിന്റെ രൂപീകരണം, രണ്ടാംഘട്ടം പരിശീലനം, റിസോഴ്സ് ടീം, ക്ലസ്റ്റർ അംഗങ്ങൾ എന്നിവരുടെ പരിശീലനം, മാലിന്യ പരിപാലന സർവ്വെ, മാധ്യമ പോസ്റ്റർ, ബാനർ പ്രചരണം, വീട്ടുകളിൽ ബയോഗ്യാസ് പ്ലാന്റ്/ബയോ ഡൈജസ്റ്റർ മുതലായവ സ്ഥാപിക്കൽ, എന്നിവയൊന്നും നിർവ്വഹിച്ചിട്ടില്ല. എന്നാൽ 3-ാം ഇനമായ ഓരോ വീട്ടിലേക്കും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ചാക്ക് വാങ്ങി വിതരണം ചെയ്യുന്ന പ്രവർത്തി മാത്രമാണ് 2017-18 വർഷത്തിൽനിർവ്വഹിച്ചിരിക്കുന്നത്. മാലിന്യശേഖരണത്തിനുശേഷം നടത്തപ്പെടേണ്ട തുടർനടപടികൾക്കാവശ്യമായതും 3-ാം ഇനമായി നടപ്പിലാക്കേണ്ടതുമായ അടിസ്ഥാന സൗകര്യങ്ങൾ (മാലിന്യയാർഡിൽ പൾവറൈസർ വാങ്ങൽ) ഏർപ്പെടുത്തിയതായി പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കാണുന്നില്ല. വാങ്ങിയ ചാക്കുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ വിവരങ്ങൾ ഫയലിൽനിന്നും ലഭിച്ചില്ല. ഇതിൽനിന്നും വീടുകളിൽനിന്നും മാലിന്യം ശേഖരിക്കുന്ന പ്രവർത്തനം നടക്കുന്നുണ്ടോയെന്നും മാലിന്യം ശേഖരിക്കുന്നുണ്ടെങ്കിൽ അത് ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടോ എന്നുള്ളതും ഉറപ്പാക്കാനായിട്ടില്ല.

2.തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം 1 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ രീതിയാണ് പിൻതുടരേണ്ടതെന്നിരിക്കെ അത്തരത്തിലുള്ള വാങ്ങൽ രീതിയല്ല അനുവർത്തിച്ചിട്ടുള്ളത്.

ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 2,70,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| GWD | 231/17 കുടിവെള്ള വിതരണം (ബ്ലൂ ബ്രിഗേഡ്) 237/17 | 2410049 | - | 2410049 |
| GWD | 285/17 സമഗ്ര കുടിവെള്ളപദ്ധതി (എസ്.സി.) | 5180091 | - | 5180091 |
| GWD | 140/17 മിനി ഇൻഡസ്ട്രിയൽ കുടിവെള്ളം | 300000 | - | 300000 |

മേൽ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുടെ B-18 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിങ്ങ് കോംപ്ളക്സ് ലോൺ | - | 6000000 | 4286016 | 553704 | 505584 | 3732312 |
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി (വടക്കാഞ്ചേരി) | (1)നം. 61507/ ഡി.ബി.1/14 dt.22.11.2014 | 24280000 | 19853458 | 1339183 | - | 18514275 |
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി (മുണ്ടത്തിക്കോട്) | (2)നം. 63577/ ഡി.ബി.(1)/ 14 ത.സ്വ.ഭ.വ. | 18375000 | 16375000 | 1484667 | - | 14890333 |
| | | | | | | 3,71,36,920 |

മേൽ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ബി-5, ബി-6 മായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 515300 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 515300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 515300 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| നിക്ഷേപത്തിന്റെ വിവരം | ലഭ്യമല്ല |
|---|---|
| ആകെ | 515300 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 211817603 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 204670879 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 206491 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,07,54,968 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1500 | ശ്രീ.സുനിൽകുമാർ.എൻ.വി, കൃഷി ഓഫീസർ |
| 3-8 | | 25000 | ശ്രീമതി.കാഞ്ചനമാല, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-15 | | 43150 | ശ്രീമതി.രമ്യാകൃഷ്ണൻ, മുൻസിപ്പൽ സെക്രട്ടറി |
| 3-32 | - | 136841 | ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ |
| ആകെ | | | 2,06,491 |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 50000 | ശ്രീ.ചന്ദ്രശേഖരൻ. പ്രിൻസിപ്പാൾ, ജി.ബിഎച്ച്.എച്ച്.എസ്.എസ്,വടക്കാഞ്ചേരി |
| 3-3(2) | 100000 | ഡോ.ജോ കുര്യക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 3-4 | 600000 | ശ്രീ.വിജയപ്രകാശ്.കെ ഹെൽത്ത് ഓഫീസർ |
| 3-5(1) | 184000 | ശ്രീ.ചന്ദ്രശേഖരൻ. പ്രിൻസിപ്പാൾ, ജി.ബി.എച്ച്.എച്ച്.എസ്.എസ്,വടക്കാഞ്ചേരി |
| 3-6 | 17000 | ഡോ.ജോ കുര്യക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 3-7 | 405000 | ഡോ.ജോ കുര്യക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 3-9 | 325000 | ശ്രീമതി.കാഞ്ചനമാല,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 615000 | ശ്രീമതി.രമ്യാകൃഷ്ണൻ, മുൻസിപ്പൽ സെക്രട്ടറി |
| 3-26 | 7805951 | ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-33 | 13017 | ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-43 | 3,70,000 | ശ്രീമതി.രമ്യാകൃഷ്ണൻ, മുൻസിപ്പൽ സെക്രട്ടറി |
| 3-44 | 2,70,000 | ശ്രീമതി.രമ്യാകൃഷ്ണൻ, മുൻസിപ്പൽ സെക്രട്ടറി |
| ആകെ | 10754968 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനിൽകുമാർ.എൻ.വി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, വടക്കാഞ്ചേരി | നായരുശ്ശേരി ഹൌസ്,കസ്തൂർബ റോഡ്,നാട്ടിക ബീച്ച്,തൃശ്ശൂർ 680566 |
| ശ്രീമതി.കാഞ്ചനമാല, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വടക്കാഞ്ചേരി നഗരസഭ | കുതിരാൻപാറ ഹൌസ്,പട്ടിപറമ്പ്, തിരുവില്വാമല.പി.ഒ,തൃശ്ശൂർ 680588 |
| ശ്രീമതി.രമ്യാകൃഷ്ണൻ, മുൻസിപ്പൽ സെക്രട്ടറി | ലഭ്യമല്ല | കണ്ടത്തിൽ ഹൌസ്,നോർത്ത് ഗേറ്റ്,വൈക്കം,കോട്ടയം ജില്ല |
| ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ | ലഭ്യമല്ല | നെല്ലിപ്പറമ്പിൽ ഹൌസ്,ഗാന്ധിനഗർ, ചേറൂർ .പി.ഒ, തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(എം.)117/2017/ 31.01.2017 |
| 2016-17 | കെ.എസ്.എ.-ടി.എസ്.ആർ.(എം.) |

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-ടി.എസ്.ആർ(എം)865/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 19/07/19

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **വടക്കാഞ്ചേരി നഗരസഭയുടെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വടക്കാഞ്ചേരി നഗരസഭയുടെ** 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

# <u>അനുബന്ധം -2</u> <u>ഓഡിറ്റ് സംക്ഷിപ്തം</u>

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |

| | |
|---|---|
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ